# കേരളത്തിലെ പരമ്പരാഗത
# ഫിഷറീസ് മാനേജ്മെന്റിനെക്കുറിച്ച്
# വിഴിഞ്ഞം കേന്ദ്രീകരിച്ച് ഒരു പഠനം
## എന്ന മുഖ്യപഠനത്തിന് മുന്നോടിയായി
## നടത്തുന്ന പ്രാഥമിക പഠനം

**പശ്ചാത്തലം**

കേരളത്തിലെ സമുദ്രത്തിൽ പരമ്പരാഗത മേഖലയിലെയും യന്ത്രവൽക്കൃതമേഖലയിലെയും ഏറിവരുന്ന മീൻപിടുത്ത ഉരു-ഉപകരണങ്ങൾ ഒരുപോലെ മത്സ്യബന്ധന സമ്മർദ്ദം വർദ്ധിപ്പിച്ചുകൊിരിക്കുന്നു. അതേസമയം തന്നെ കടൽ ഒരക്ഷയനിധിയല്ലെന്നും, മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനായി മത്സ്യബന്ധന നിയന്ത്രണങ്ങൾ അനിവാര്യമാണെന്നുമുള്ള കാര്യത്തിലും ആർക്കും തർക്കമില്ല.

തിരുവനന്തപുരം ജില്ലയിലാകട്ടെ, കാലാകലങ്ങളിൽ, ചിലതരം മീൻപിടുത്ത വലകൾ ഉപയോഗിക്കുന്നതിന് വിലക്കുകൾ ഉായിരുന്നു. മീൻപിടുത്തക്കാർ ഉൾപ്പെട്ടിരുന്ന മത-സമുദായ സ്ഥാപന-സംവിധാനങ്ങളുടെ മേൽനോട്ടത്തിലാണ് ഈ മിക്ക നിയന്ത്രണങ്ങളും നിലനിന്നിരുന്നത്. ഈ പരമ്പരാഗത സംവിധാനങ്ങൾ മീൻപിടുത്തക്കാർ അംഗീകരിക്കുകയും നിയന്ത്രണങ്ങൾ എല്ലാവരും പാലിക്കുകയും ചെയ്തിരുന്നു. ഈ സംവിധാനങ്ങൾ മിക്കവയും ഇല്ലാതായിക്കൊിരിക്കുകയാണ്. ഇവ എങ്ങനെയാണ് പ്രവർത്തിച്ചിരുന്നത്, മത്സ്യസമ്പത്തിന്റെ സംരക്ഷണമായിരുന്നോ ഇതിന്റെ ലക്ഷ്യം, എന്തുകൊാണ് ഇവ ഇല്ലാതായത് തുടങ്ങിയ കാര്യങ്ങളൊന്നും ഇതുവരെ കാര്യമായ പഠനങ്ങൾക്ക് വിധേയമായിട്ടല്ല.

ഇന്ന് ജില്ലയിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു മീൻപിടുത്തകേന്ദ്രമാണ് വിഴിഞ്ഞം. ഒരു ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം പൂർത്തിയായിവരുന്ന ഈ പ്രദേശത്ത് മുഖ്യമായും പരമ്പരാഗത മീൻപിടുത്ത ഉരുക്കൾ മാത്രമാണുള്ളത്. ട്രോളിംഗ് ബോട്ടുകൾ ഇവിടം കേന്ദ്രീകരിച്ച് മീൻപിടുത്തം നടത്തുന്നില്ല. ചെറുകിട മോട്ടോറുകൾ ഘടിപ്പിച്ച പ്ലൈവുഡ് വള്ളങ്ങളാണ് മുഖ്യഉരുക്കൾ. വിവിധതരം വലകളും ചൂകളും ഉപയോഗിക്കപ്പെടുന്നു. വിഴിഞ്ഞത്തിന്റെ തെക്കുഭാഗത്തായി ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ടവരും വടക്കുഭാഗത്തായി മുസ്ലീംവിഭാഗത്തിൽപ്പെട്ടവരുമാണ് വസിക്കുന്നത്. ഇരുവിഭാഗങ്ങളും മീൻപിടുത്തം നടത്തുന്നുങ്കെിലും ക്രിസ്ത്യാനികളാണ് ഈ തൊഴിലിലും എണ്ണത്തിലും മുന്നിട്ടുനിൽക്കുന്നത് എന്നു പറയാം. ഇരുകൂട്ടരും തമ്മിൽ ഇവിടെ പലപ്പോഴും സംഘട്ടനങ്ങളും സംഘർഷങ്ങളും ഉായിട്ടിട്ടു്. മീൻപിടുത്തവുമായി ബന്ധപ്പെട്ട തർക്കങ്ങളെ തുടർന്നാണ് ഈ സംഘട്ടനങ്ങളിൽ അധികവും ഉായത്.

വിഴിഞ്ഞത്ത് മീൻപിടുത്തം സംബന്ധിച്ച് പല നിയന്ത്രണങ്ങളും ഉായിട്ടു്. ഇതിന് ഏറെക്കാലത്തെ ചരിത്രം ഉന്നൊു മാത്രമല്ല, ഇരുസമുദായങ്ങളിലുംപെട്ട എല്ലാ മത്സ്യത്തൊഴിലാളികളും അത് പാലിക്കുകയും ചെയ്തിരുന്നു. കാലാകാലങ്ങളിൽ ഇത്തരം നിയന്ത്രണങ്ങൾക്കും നിയമങ്ങൾക്കും പല മാറ്റങ്ങളും ഉായിട്ടു്.

**പ്രാഥമികപഠനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ**

**കേരളത്തിലെ പരമ്പരാഗത ഫിഷറീസ് മാനേജ്മെന്റിനെക്കുറിച്ച് വിഴിഞ്ഞം കേന്ദ്രീകരിച്ചുള്ള പഠനത്തിന് ആവശ്യമായ സിദ്ധാന്തങ്ങളുടെയും അനുഭവസിദ്ധമായ പഠനങ്ങളുടെയും അവലോകനവും വിശകലനവും**

**കേരളത്തിൽ ആലപ്പുഴയിലെ കരനിലയെക്കുറിച്ച് നടത്തിയിട്ടുള്ള ഈ പഠനം ശ്രദ്ധേയമായിട്ടുള്ളതാണ്. (Kurian. J and Vijayan A.J (1995) 'Income spreading Mechanisms in Common Property Resource; Karanila System in Kerala Fishery', Economic and Political Weekly, vol. 30, No; 20)**

ഏകദേശം അൻപത്, അറുപത് വർഷങ്ങൾക്ക് മുൻപ് ആലപ്പുഴയിലെ താങ്ങുവള്ളം ഫിഷറി ജന്മിവിഭാഗത്തിൽപ്പെട്ടവരുടെ ഉടമസ്ഥതയിലായിരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളി വിഭാഗത്തിൽനിന്നും കരാർപ്രകാരം വാടകയ്ക്കെടുത്ത തൊഴിലാളികളാണ് അതിൽ പണിയെടുത്തിരുന്നത്. 1940കളിൽ പുന്നപ്രവയലാർ സമരത്തിന്റെ സ്വാധീനഫലമായി ഭൂപരിഷ്ക്കരണവും ജന്മിമാരുടെ ഉടമസ്ഥതാവകാശവും മാറ്റിമറിക്കപ്പെട്ടു. ഇതിന്റെ സ്വാധീനം താങ്ങുവള്ളം ഫിഷറിയിലെ ഉടമസ്ഥതാവകാശ സമ്പ്രദായത്തിലും ഉല്പാദനബന്ധങ്ങളിലും വലിയ മാറ്റങ്ങളുാക്കി. താങ്ങുവള്ളം ഫിഷറിയിൽ നിലനിന്നിരുന്ന അടിമക്കരാർ നിർത്തലാക്കപ്പെടുകയും മത്സ്യത്തൊഴിലാളികൾ ഉടമസ്ഥതാഗ്രൂപ്പുകളുാക്കി കൂട്ടായ ഉടമസ്ഥാവകാശരീതികളിൽ പണിയെടുക്കാനും തുടങ്ങി.

ഫ്യൂഡൽ വ്യവസ്ഥയിൽ നിന്നും സാമൂഹിക സമ്പ്രദായത്തിലേക്ക് പ്രത്യയശാസ്ത്രത്തിലൂന്നിക്കൊുള്ള ആക്കം പുതിയൊരു ഉത്തരവാദത്തിലേക്ക് - ഉടമസ്ഥനും- തൊഴിലാളിയും തമ്മിലുള്ള പുതിയൊരു വർഗ്ഗരൂപീകരണത്തിലേക്ക് - വരുമാനം പങ്കുവയ്ക്കുന്ന സംവിധാനം സൃഷ്ടിച്ചു. കടലിൽനിന്നും കിട്ടുന്ന സമ്പത്ത് എല്ലാവർക്കുംവേിയുള്ളതാണ്. എല്ലാവർക്കും ഉപഭോഗത്തിന് മത്സ്യം കൊടുക്കുന്ന യുക്തി 'കരനിലസമ്പ്രദായത്തിൽ ഉായത് ഈ സന്ദർഭത്തിലാണ്. സ്ഥിരം പണിക്കാർ, അർധസ്ഥിര പണിക്കാർ, താൽക്കാലിക പണിക്കാർ എന്നീ മൂന്നു വിഭാഗത്തിൽ പണിക്കരെ തരംതിരിച്ചിരിക്കുന്നു. സ്ഥിരം പണിക്കാർ ഉടമസ്ഥ ഗ്രൂപ്പിൽ നിന്നുമായിരിക്കും. അർദ്ധസ്ഥിരപണിക്കാർ ഒരു യൂണിറ്റൽ ഒരുവർഷം വരെ പണിയെടുക്കും. അതുകഴിഞ്ഞാൽ അവിടെ തുടരുകയോ അല്ലെങ്കിൽ മറ്റൊരു യൂണിറ്റിൽ പണിയെടുക്കുകയോ ചെയ്യാം. താൽക്കാലികപണിക്കാർ ഓരോ യൂണിറ്റിലും മാറിമാറി പണിയെടുക്കും. ഇവർക്ക് കരിനില(തീരപദവി)യുായിരിക്കും

മത്സ്യം പിടിക്കുന്ന ഏതു ദിവസവും മത്സ്യബന്ധനത്തിന് പുറപ്പെടാൻ പോകുന്ന സമയം കടപ്പുറത്ത് സന്നിഹിതരായിരിക്കുന്ന മുഴുവൻ വ്യക്തികളും ആ യൂണിറ്റിന്റെ പണിക്കാർ ആയിരിക്കും. സന്നിഹിതരായവരിൽ ആവശ്യമുള്ളവർ ഉരുക്കളിൽ കയറി മത്സ്യബന്ധനത്തിന് പുറപ്പെടും. ബാക്കി വരുന്നവർ കടപ്പുറത്ത് നില്ക്കും. ആദ്യമായി യൂണിറ്റിൽ ചേരുന്ന മത്സ്യത്തൊഴിലാളി പണിയെടുക്കുന്നവരോടൊപ്പം കടലിൽ പോയി തന്റെ ജോലിയുടെ

വൈദഗ്ധ്യം തെളിയിക്കണം. ഈ വഴക്കം വ്യക്തികളുടെ കടലിൽ ജോലിചെയ്യാനുള്ള താല്പര്യത്തേയും ബലഹീനതയേയും, കരിനിലസമ്പ്രദായത്തെ ചൂഷണം ചെയ്യാനുള്ള സാധ്യതയേയും മനസ്സിലാക്കാൻ ഉപകരിക്കുന്നു. സെമിപെർമനന്റ് ഗ്രൂപ്പിൽപ്പെട്ട തൊഴിലാളികൾ പ്രത്യേകനേട്ടങ്ങളും സൗജന്യങ്ങളും അനുഭവിക്കുന്നു്. സുഖമില്ലാതെ പണിക്ക് വരാതിരുന്നാൽ അവധി കിട്ടും. അതുപോലെതന്നെ കുടുംബത്തിലെ വിവാഹം, മരണം തുടങ്ങിയ സന്ദർഭങ്ങളിലും അവധി ലഭിക്കും. ആ അവധിയെ കരനിലയായി പരിഗണിച്ച് ഒരു പങ്ക് നൽകും. ഇപ്പോഴാകട്ടെ സെമി പെർമനന്റ് ഗ്രൂപ്പിൽപ്പെട്ട പണിക്കാർ ഫിഷ് വർക്കേഴ്സ് ട്രേഡ് യൂണിയൻ മീറ്റിംഗിൽ പോയാലോ റാലിയിൽ പങ്കെടുക്കാൻ പോയാലോ കരനിലവിഹിതം ലഭിക്കും. ഓരോ ആഴ്ചയിലെയും യോഗങ്ങളിൽവച്ച് ഇതൊക്കെ തീരുമാനിക്കുന്നു. സെമിപെർമനന്റ് പണിക്കാർക്ക് ഉത്സവ അലവൻസുകളും ബോണസും പണം മുൻകൂർ നൽകുകയും ചെയ്യാറു്. എപ്പോഴാണോ ഉടമസ്ഥഗ്രൂപ്പ് ചെറുതായിരിക്കുന്നത്, അപ്പോൾ പെർമനന്റ് ഗ്രൂപ്പിനും സെമിപെർമനന്റ് ഗ്രൂപ്പിനും ഒന്നിച്ചുചേർന്ന് യൂണിറ്റ് പ്രവർത്തിപ്പിക്കാൻ കഴിയുകയില്ല. ചാകരസമയത്ത് ഒന്നിൽ കൂടുതൽ തവണ മത്സ്യബന്ധനത്തിന് പോകേതായി വരും. അപ്പോൾ ഒരു യാത്രക്കു തന്നെ കൂടുതൽ ആളുകൾ വേിവരും. അത്തരം സന്ദർഭങ്ങളിൽ കരനില മത്സ്യത്തൊഴിലാളികൾ ചാക്രിക്രമം (rotation) ഉറപ്പുവരുത്തുന്നതുകൊ് ഓരോ യാത്രയിലെ അംഗങ്ങൾക്കും ആവശ്യത്തിന് വിശ്രമവും അടുത്ത യാത്രയ്ക്കുള്ള ഊർജവും സംഭരിക്കാൻ കഴിയും. ആരാലും ചോദ്യം ചെയ്യപ്പെടാത്ത സാമൂഹികാചാരമായി, എല്ലാ താങ്ങുവള്ളം യൂണിറ്റിലും ജോലിചെയ്യാൻ മനസ്സുള്ള ഏതൊരു മത്സ്യത്തൊഴിലാളിക്കും അതിന് അവസരമൊരുക്കുന്ന തരത്തിൽ കരനിലസമ്പ്രദായം നിലകൊള്ളുന്നു. കരനില സമ്പ്രദായം പ്രധാനപ്പെട്ട ഒരു ഭാഗമായി ഉല്പാദനബന്ധങ്ങളിൽ വരികയും ഇത്തരം രീതി ആ സ്ഥലത്തെ മത്സ്യബന്ധന സമുദായങ്ങളിലെ സാമൂഹികബന്ധങ്ങളിൽ ഇഴുകിച്ചേർന്നതായും കാണാൻ കഴിയും.

കരനിലയിലെ മത്സ്യത്തൊഴിലാളികൾക്ക് ഏതെങ്കിലും ഒരു യൂണിറ്റിൽ ചേർന്നുനില്ക്കേ ആവശ്യമില്ല. മോശമായ സീസണിൽ വരുമാനം കൂടുതൽ ലഭിക്കാവുന്ന ഏതെങ്കിലും യൂണിറ്റിൽ പോയി ചേരാൻ സ്വാതന്ത്ര്യം അനുവദിക്കുന്നു. ഇതുകൊ് ക്രമാതീതകമായ സാമൂഹികസമ്മർദ്ദം മോശമായ സീസണിൽ സ്വാഭാവികമായി ഉാകുന്നില്ല. തൽഫലമായി കരനിലസമ്പ്രദായം പൂർണ്ണമായ തൊഴിലവസരങ്ങൾ ഒരുക്കുകയും അതിലും പ്രധാനമായി സമൂഹത്തിന്റെ വരുമാനം വർധിപ്പിക്കുകയും ചെയ്യുന്നു. ഇത് ഒരളവുവരെ പങ്കുവയ്ക്കലിന്റെ നീതി ഉറപ്പുവരുത്തുകയും കഴിയാവുന്നിടത്തോളം മത്സ്യബന്ധനയൂണിറ്റുകളുടെ മേൽ കമ്മ്യൂണിറ്റിയുടെ നിയന്ത്രണമുായിരിക്കുകയും നല്ലതും സ്ഥായിയുമായ മത്സ്യവ്യവസായം നിലനിർത്തുകയും ചെയ്യുന്നു.

താങ്ങുവള്ളം ഫിഷറിയിലെ ആധുനികവൽക്കരണത്തോടെ മോട്ടോർ, റിംഗ്സീൻ, തുടങ്ങിയ ഉപകരണങ്ങൾ സ്റ്റേറ്റ് തന്നെ നൽകിക്കൊ് ഈ മേഖലയിൽ കടന്നുവന്നു. 1981–ൽ മോട്ടോർ ഘടിപ്പിച്ച താങ്ങുവള്ളം ആദ്യം പ്രത്യക്ഷമായി. 1985–ൽ റിംഗ് ഘടിപ്പിച്ച താങ്ങുവലയും പ്രത്യക്ഷപ്പെട്ടു. മത്സ്യോല്പാദനത്തിൽ വർദ്ധനവുായി. ഈ കാലയളവിൽ

സ്റ്റേറ്റ് കൂടുതൽ വായ്പകളും സൗജന്യങ്ങളും അനുവദിച്ചുകൊ് ഉരുക്കളും വലകളും വാങ്ങാൻ പ്രേരിപ്പിച്ചു. വളരെയധികം യൂണിറ്റുകൾ പ്രവർത്തനക്ഷമമായി. കുടുംബബന്ധങ്ങളിൽ പടുത്തുയർത്തിയിരുന്ന ownership ഗ്രൂപ്പുകളിൽ നിന്നും വ്യത്യസ്തമായി ownership ഗ്രൂപ്പുകൾ ഉായി. 1985–89 കാലയളവിൽ മത്സ്യത്തൊഴിലാളി സമൂഹത്തിലെയും മറ്റ് കമ്മ്യൂണിറ്റികളിലെയും വ്യക്തികൾക്ക് തൊഴിൽ സാധ്യതകൾ വർദ്ധിച്ചു. ക്രമേണ മത്സ്യോല്പാദനത്തിന്റെ അളവു കുറഞ്ഞു. നിക്ഷേപം പത്ത് മടങ്ങ് വർധിച്ചു. ഈ സന്ദർഭത്തിൽ നെയ്ചാളയുടെയും വങ്കടയുടെയും ലഭ്യതയിൽ കുറവുായതോടെ കണ്ണി വലുപ്പം കുറഞ്ഞ ചൂടവല ഉപയോഗിച്ച് അതുവരെ പിടിച്ചെടുക്കാത്ത ഒരു തരം ചെറുമത്തി പിടിച്ചെടുക്കാൻ തുടങ്ങി. ഈ വലയിൽ ധാരാളം മത്തി ലഭിച്ചതോടെ ഈ വലയ്ക്ക് പ്രാധാന്യം കിട്ടിത്തുടങ്ങി. 1989–ൽ ആലപ്പുഴയിലെ മത്സ്യത്തൊഴിലാളികൾക്ക് ഉല്പാദനച്ചെലവ് പതിൻമടങ്ങ് വർദ്ധിച്ചതുകൊും ഉല്പാദനം വളരെ കുറഞ്ഞതുകൊും വലിയ മോട്ടോർ ഘടിപ്പിച്ച താങ്ങുവള്ളവും താങ്ങുവലയും പുറംതള്ളേതായി വന്നു. ഇതിന് അനുഗുണമായി വടക്കൻകേരളത്തിൽ മത്സ്യത്തൊഴിലാളികൾക്ക് വൻരീതിയിലുള്ള ഗവൺമെന്റിന്റെ സാമ്പത്തികസഹായം മോട്ടോർ ഘടിപ്പിക്കുന്നതിനു ലഭിച്ചു. 1989–91 കാലയളവിൽ ആലപ്പുഴയിൽ നിന്നും എറണാകുളത്തുനിന്നും മത്സ്യവ്യവസായ മൂലധനം വടക്കൻജില്ലകളിലേക്ക് ഒഴുകി.

1989 മുതൽ 1991 വരെ ആലപ്പുഴയിൽ ഉായിരുന്ന 200 താങ്ങുവള്ളം 93 ആയി കുറഞ്ഞു. വാണിജ്യത്തിൽ നിന്ന് പെട്ടെന്നുായ ലാഭവും ആകർഷകത്വവും കരനിലസമ്പ്രദായത്തിൽ അതിന്റെ സ്വാധിനമുാക്കി. പകുതി യൂണിറ്റുകളും മത്സ്യവ്യവസായത്തിൽ നിന്നും മാറ്റിയതോടെ ഒരു വലിയ വിഭാഗം മത്സ്യത്തൊഴിലാളികൾക്ക് തൊഴിലില്ലാതായി. കുറച്ചു മത്സ്യത്തൊഴിലാളികൾ മോട്ടോർ ഘടിപ്പിക്കാത്ത ചെറിയതരം മത്സ്യ ബന്ധനയൂണിറ്റുകളിലേക്ക് മാറി. മറ്റു കുറേപ്പേർ പുതിയ ഗ്രൂപ്പുകളുാക്കി, ചൂടവല ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിന് നിക്ഷേപമിറക്കി. ഈ സമയത്ത് കരനിലസമ്പ്രദായം അതിന്റെ ഏറ്റവും മോശമായ അവസ്ഥയെ അഭിമുഖീകരിക്കേിവന്നു. ഈ മാറ്റത്തിന്റെ കാലയളവിൽ അവശേഷിച്ച മത്സ്യബന്ധനയൂണിറ്റുകളിൽ കടലിൽപോയി മീൻ പിടിക്കുന്ന പണിക്കാരെക്കാളും കൂടുതൽ മത്സ്യത്തൊഴിലാളികൾ കരനിലയിലുായിരുന്നു. ധാരാളം മത്സ്യം ലഭിച്ചപ്പോഴും ഓരോ പണിക്കാരനും ശരാശരി വിഹിതം കുറഞ്ഞിരുന്നത് കരനില അവകാശപ്പെടാൻ കൂടുതൽ മത്സ്യത്തൊഴിലാളികൾ ഉായിരുന്നതുകൊാണ്. ഇതിനാൽ കരനില അവകാശികളും അർദ്ധസ്ഥിര(semi-permenant) പണിക്കാരും തമ്മിൽ സംഘർഷങ്ങൾക്ക് ഇടയായി. ഇതിന്റെ തന്നെ പ്രതികരണം എന്ന നിലയിൽ കരനിലസമ്പ്രദായത്തിൽ പുതിയ നിയമങ്ങൾ ഉായി. എറണാകുളത്തെ യൂണിറ്റുകളിൽ എല്ലാവരും അംഗീകരിച്ച ഒരു നിയമം പ്രാബല്യത്തിൽ വന്നു. ഉരുക്കളിൽ മിനിമം 35 മത്സ്യത്തൊഴിലാളികളിൽ കുറവുായിരുന്നാലും, ownership groupൽപ്പെട്ട വ്യക്തിയായിരുന്നാലും കരയിൽനിന്നാൽ കരനിലവിഹിതം ആവശ്യപ്പെടാം. സെമിപെർമിനന്റ് ഗ്രൂപ്പിൽ അവധി അനുവദിച്ചിരുന്നത് നിറുത്തലാക്കപ്പെട്ടു. ഒരു വ്യത്യാസമുള്ളത് കടലിൽവച്ച് മത്സ്യത്തൊഴിലാളിക്ക് അത്യാഹിതം സംഭവിച്ച് ശരീരസുഖമില്ലാതെ വന്നാൽ ആ വ്യക്തിക്ക് കരനിലവിഹിതം ലഭിക്കും. ഇപ്പോൾ ഉരുക്കളിൽ തന്നെ ആഹാരം പാചകം ചെയ്യുന്നു. അതുകൊ് മത്സ

്യബന്ധനത്തിന് പോകുന്നവർക്കു മാത്രമേ ആഹാരം ലഭിക്കുകയുള്ളൂ. കരയിൽ നില്ക്കുന്നവർക്ക് ആഹാരത്തിന്റെ ചെലവ് വഹിച്ചിരുന്നതും പൊതുച്ചെലവിൽ ഉൾപ്പെടുത്തിയിരുന്നതും നിറുത്തലാക്കപ്പെട്ടു. ഈ രിതിയിലുള്ള ഇടുങ്ങിയ നിയമങ്ങൾ ഉായിരുന്നിട്ടുകൂടി കരനിലയിൽ 25 അംഗങ്ങൾവരെ പങ്ക് പറ്റുന്നതിന് ഉായിരുന്നു.

**കരിനില സമ്പ്രദായം-വിലയിരുത്തൽ**

കടലിലെ വിഭവം മുഴുവൻ സമൂഹത്തിന്റെ പൈതൃകമാണെങ്കിൽ അതിൽനിന്നും ലഭിക്കുന്ന വരുമാനം കമ്മ്യൂണിറ്റിയിലെ എല്ലാവർക്കും ഗുണപ്പെടുന്ന രീതിയിൽ പങ്ക് വയ്ക്കേതിന്റെ ആവശ്യകതയ്. ഇത് കരനിലസമ്പ്രദായത്തിന്റെ സാമൂഹിക, സാമ്പത്തിക, സാംസ്ക്കാരിക അടിത്തറയായിവരുന്ന ഒന്നാണ്. മത്സ്യബന്ധനയൂണിറ്റുമായി ആരെല്ലാമാണോ ബന്ധപ്പെട്ടു നില്ക്കുന്നത് അവർക്കെല്ലാം ഉപഭോഗത്തിന് മത്സ്യം കിട്ടുന്നു. ഇത് പ്രാഥമികമായ ഒരവകാശമാണ്.

കരനില സമ്പ്രദായം കേരളത്തിന്റെ ഫിഷറീസ് മാനേജ്മെന്റിനും അതുപോലെതന്നെ കേരളത്തിൽ ശക്തമായ ഒരു ഫിഷ് വർക്കേഴ്സ് ഫാറത്തിന്റെ രൂപീകരണത്തിനും സഹായകരമായി. ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് കരനിലപ്പങ്ക് നൽകുകവഴി യൂണിയൻ പ്രവർത്തനം ശക്തമാക്കാനും കഴിഞ്ഞു. സ്റ്റേറ്റിന്റെ തത്വദീക്ഷയില്ലാത്ത തരത്തിലുള്ള മത്സ്യബന്ധന ഉപകരണങ്ങളുടെ വിതരണം (മോട്ടോറുകൾ, വലകൾ), മത്സ്യവ്യവസായത്തിലെ അമിതമായ നിക്ഷേപം, സാമൂഹിക സ്ഥാപനങ്ങളുടെ നിശ്ചലാവസ്ഥ തുടങ്ങിയ കാരണങ്ങളും കരനിലസമ്പ്രദായത്തെ ഭീഷണിയിലാക്കി.

കരനിലസമ്പ്രദായത്തിന്റെ സ്വാഭാവികപ്രകൃതം തകർക്കപ്പെട്ടത് മത്സ്യമേഖലയിലുായ വലിയ അസ്വസ്ഥതകൾ മൂലമാണെന്നു കാണാൻ കഴിയും. ഇതിൽനിന്നും മത്സ്യമേഖലയെ മൊത്തത്തിൽ എങ്ങനെ മാനേജ് ചെയ്യാം എന്ന ചോദ്യത്തിലേക്ക് ശ്രദ്ധ പതിയുന്നു. തീരദേശ മത്സ്യബന്ധനത്തിൽ പൂർണ്ണപങ്കാളികളായിരിക്കുന്ന മത്സ്യത്തൊഴിലാളികളെ അവരുടെ അന്യമല്ലാത്ത പൊതുസ്വത്തവകാശത്തിലേക്ക് തിരികെ കൊുവരാനാണ് മുൻകൈ എടുക്കേത്. ക്രമരഹിതവും മത്സരബുദ്ധി ജനിപ്പിക്കുന്ന തരത്തിലുള്ളതുമായ പൊതുസ്വത്ത് വിഭവത്തിലേക്കുള്ള നിക്ഷേപവർദ്ധനവ് മൂലം മത്സ്യബന്ധന യൂണിറ്റുകളിൽ ജോലിസാധ്യത വർദ്ധിപ്പിക്കാമെന്നും വരുമാനം വീതം വയ്ക്കാമെന്നുമുള്ള കാഴ്ചപ്പാട് - സാമൂഹികമായിത്തന്നെ നിരാശ ഉളവാക്കുന്ന പലതരത്തിലുള്ള മൂലധന വികസിപ്പിക്കലും ഊർജ്ജ ഉപയോഗവും നയിക്കുന്നത് സാമ്പത്തികവും ജൈവശാസ്ത്രപരവുമായ അമിതമത്സ്യബന്ധനത്തിലേക്ക് ആയിരിക്കും. ഈ തിരിച്ചറിവ് പരമ്പരാഗത മത്സ്യത്തൊഴിലാളി സമൂഹങ്ങളിൽ നിലനിന്നിരുന്ന ക്രമീകരണങ്ങൾക്ക് ശക്തിയും പുതുചൈതന്യവും പകരാൻ പര്യാപ്തമാണ്. ഇതിന്റെ പൂർത്തീകരണത്തിന് ഈ സമൂഹങ്ങളുടെ കൂട്ടായ മനസ്സും സംസ്ഥാനത്തിന്റെ യഥോചിതമായ സഹായവും ഉായിരിക്കണം. സർക്കാരിന് സാമൂഹികസ്ഥാപനങ്ങളുടെ മത്സ്യവിഭവ മാനേജ്മെന്റിലുള്ള സാമ്പത്തികവും സാമൂഹികവുമായ യുക്തി ബോധ്യമുായിരിക്കുകയും വേണം.

## II. Mathew, Sebastian (1991) study of Territorial use rights in small scale fisheries: Traditional Systems of Fisheries Management in Pulicat Lake, Tamil Nadu, India, FAO Circular No. 839: 25P FIP/C839

ഇന്ത്യയുടെ മൊത്തം മത്സ്യോല്പാദനത്തിന്റെ അടിസ്ഥാനത്തിൽ നിന്ന് നോക്കി കാണുമ്പോൾ, ലഗൂണുകളുടെ സംഭാവന അത്ര പ്രസക്തമല്ല. എന്നിരുന്നാലും ജലവിഭവ-പരമ്പരാഗത മാനേജ്മെന്റ് രിതികൾ, തുല്യമായ നീതിയുടെ ചില തത്വങ്ങൾ വെളിവാക്കുന്നു. തെക്കേ ഇൻഡ്യയിലെ പുലിക്കാട്ട് തടാകം ഇതിന് ഉദാഹരണമാണ്. ഗ്രാമീണർ നടപ്പിലാക്കിവരുന്ന പരമ്പരാഗത രിതിയായ 'പാടു' മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന (ground) നിലം നിയന്ത്രണത്തിന് വിധേയമാണ്. പാടു രീതി പ്രാപ്യമായ അവകാശത്തിന്റെ ക്രമീകരണവും വിതരണവും മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു. ഫിഷിങ് ഗ്രൗണ്ടിന്റെയും മത്സ്യവിഭവങ്ങളുടെയും മാനേജ്മെന്റ് രീതി ഏറ്റവും നല്ല മത്സ്യവിഭവ മാനേജ്മെന്റിനെ സൂചിപ്പിക്കുന്നു. ലഗൂണിന്റെ ഭൗതികസ്വഭാവം, പ്രധാന മത്സ്യബന്ധനരീതികൾ, മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന ജനത, ജനസംഖ്യാ സമ്മർദ്ദം, മത്സ്യബന്ധനശേഷി തുടങ്ങിയവയും പഠനവിധേയമാക്കുന്നു. പാടു അവകാശങ്ങൾ നടപ്പിലാക്കുമ്പോൾ ഗ്രാമങ്ങൾ തമ്മിലുള്ള സംഘർഷങ്ങളും പരിഹാരശ്രമങ്ങളും, ഈ സംഘർഷങ്ങളുടെ വെളിച്ചത്തിൽ പാടു സമ്പ്രദായത്തോടുള്ള ഗവൺമെന്റിന്റെ മനോഭാവവും ചർച്ചചെയ്യപ്പെടുന്നു

**തടാകത്തിന്റെ ഭൗതികസ്വഭാവം**

ഈ താടാകത്തിന്റെ ഏറ്റവും കൂടിയ ജലവിസ്തൃതി 460 ചതുരശ്രകിലോമീറ്ററും കുറഞ്ഞ ജലവിസ്തൃതി 250 ചതുരശ്രകിലോമീറ്ററുമാണ്. ഈ തടാകം ആന്ധ്ര-തമിഴ്നാട്-ബംഗാൾ ഉൾക്കടലുമായും യോജിച്ചുകിടക്കുന്നു. പുലിക്കാട്ട് തടാകത്തിന്റെ തമിഴ്നാട് ഭാഗത്ത് മൂന്നു കിലോമീറ്റർ ദൂരം ഒരു മണൽത്തിട്ടയു്. ഈ മണൽത്തിട്ടയുടെ സമീപമാണ് ഏറ്റവും താഴ്ചയുള്ള ഭാഗം. ഒരു ചാനൽപോലെ കാണപ്പെടുന്നു.

മഴക്കാലത്ത് (ഒക്ടോബർ മുതൽ ഡിസംബർ വരെ തടാകത്തിൽ അനേകമടി വെള്ളം പൊങ്ങും, വേനൽക്കാലത്ത് (ഏപ്രിൽ മുതൽ ജൂൺ വരെ) മണൽത്തിട്ട അടയ്ക്കപ്പെട്ട നിലയിലായിരിക്കും; തടാകം ബാഷ്പീകരിക്കുന്ന ഒരു വലിയ പാത്രംപോലെ പ്രവർത്തിക്കും. തടാകത്തിലെ ജലനിരപ്പ് സമുദ്രജലനിരപ്പിനെക്കാൾ കൂടുതലോ കുറവോ ആയിരിക്കും. വടക്കുകിഴക്കൻ മൺസൂൺ കാലത്ത് തടാകത്തിലേക്ക് ഒഴുകിപ്പോയ ജലത്തിന്റെ അളവിനെ ആശ്രയിച്ചിരിക്കും തടാകത്തിലെ ഉപ്പ് അംശത്തിന്റെ കൂടുതലും കുറവും. ഈ ഘടകങ്ങൾ തടാകത്തിലെ flora-യുടെയും fauna-യുടെയും അളവിനെ നിർണ്ണയിക്കുന്നതിലും ഇത് മത്സ്യവ്യവസായത്തെ സ്വാധീനം ചെലുത്തുന്നതിലും പ്രധാന അംശവുമായിരിക്കും.

തമിഴ്നാട് സർക്കാരിന്റെ ഒരു പഠനത്തിലെ കണക്കനുസരിച്ച് 1971–72ൽ പുലിക്കാട്ട് തടാകത്തിൽ പ്രധാന ഉല്പാദനം ചെമ്മീനും കണമ്പുമാണ്. മൊത്തം ഉല്പാദനം 800 മെട്രിക്

ടൺ. ഇതിൽ 50% ചെമ്മീൻ, 20% കണമ്പ്, ബാക്കി 30% മറ്റിനങ്ങൾ. എന്നാൽ 1980 ആയപ്പോഴേക്കും മത്സ്യോല്പാദനം കുറഞ്ഞു. എങ്കിലും 300 മെട്രിക് ടൺ ചെമ്മീൻ പിടിക്കാൻ കഴിയുന്നു്.

**മത്സ്യബന്ധരീതികൾ**

കൃഷ്ണനനും സാംപത്തും ചേർന്ന് നടത്തിയ പഠനത്തിൽ (1973) ഒൻപതുതരം വലകൾ പുലിക്കാട്ടുന്നെു ചൂിക്കാണിക്കപ്പെടുന്നു. പ്രധാനമായും സുത്ത് വല (stake net), ബാഡിവല (drag net). സുത്ത് വലയിൽ ചെമ്മീനും ബാഡി വലയിൽ എല്ലാ ഇനം മത്സ്യങ്ങളും പിടിക്കാം. പാടു നിലത്ത് പ്രവേശനാവകാശമുള്ള മത്സ്യത്തൊഴിലാളികൾക്കു മാത്രമേ ഈ വലകൾ ഉപയോഗിക്കാവൂ. സൂത്ത് വലയിൽ രുതരം വലകൾ കൂടി അടങ്ങിയിരിക്കുന്നു. (1) തടക്കുവല (2) സിരുവല. സുത്ത് വല പുലിക്കാട്ട് തടാകത്തിൽ വളരെ പഴയകാലം മുതൽ ഉപയോഗിച്ചുവരുന്ന ഒന്നാണ്. ബാഡി വല 1950 മുതലാണ് ഉപയോഗിക്കാൻ തുടങ്ങിയത്. 1990-ൽ ഒരു ബാഡി വലയ്ക്ക് ഏകദേശം 60000 രൂപ വരെ വില വരുമായിരുന്നു. ഈ വല ഐശ്വര്യത്തിന്റെ പ്രതീകവുമായിരുന്നു. കമ്പവലയുടെ രൂപത്തിലുള്ളത്. കണമ്പ് പിടിച്ചെടുക്കാൻ ഉപയോഗിക്കുന്നു. ചെളി നിറഞ്ഞ പ്രദേശത്തും ഈ വല ഉപയോഗിക്കാം. ബാഡിവലയിൽ ഇരുപത്തിയഞ്ചുമുതൽ എൺപത് ആളുകൾ വരെ പണിയെടുക്കും. മൂന്നോ നാലോ പാടുവിലും ഒരു ദിവസം മത്സ്യബന്ധനം നടത്തും. വേലിയേറ്റത്തെയും വേലിയിറക്കത്തെയും ആശ്രയിച്ച് പലപ്പോഴും മത്സ്യബന്ധനരീതിയിൽ മാറ്റം വരുത്താറു്. ആറുപ്രവാശ്യം മുതൽ എട്ടുപ്രാവശ്യംവരെ ഒരു ദിവസം മത്സ്യബന്ധനം നടത്തും. ര് ഉരുക്കൾ വലകൾ വഹിക്കും. മറ്റു ര് ഉരുക്കൾ പണിക്കാർക്കും മത്സ്യം ശേഖരിക്കാനും വേ. വലയുടെ പ്രവർത്തനത്തിൽ എൺപത് ആളുകളും പങ്കെടുക്കാറില്ല. 6 മുതൽ 12 പണിക്കാർ മത്സ്യബന്ധനത്തിനായി വലകൾ ശരിയാക്കും. ഒരു മത്സ്യബന്ധനയാത്ര കഴിഞ്ഞാൽ 4 മുതൽ 6 പണിക്കാർ വരെ വല ഉണക്കുന്നതിൽ ഏർപ്പെടും. ബാക്കിയുള്ളവർ പ്രവർത്തനത്തിലേർപ്പെട്ട് വലയെ ബോട്ടിൽ നിന്നും ഇറക്കി കരയിലേക്കു വലിക്കും.

**മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന ജനത**

പുലിക്കാട്ട് തടാകത്തിന് ചുറ്റുമായി 28000 പേർ 50 കുപ്പങ്ങളിലായി (settlement) കഴിയുന്നു. ഇതിൽപ്പെടുന്നത് പരമ്പരാഗത കടൽ മത്സ്യബന്ധനജാതിയിൽപ്പെടുന്ന പട്ടണവൻ (പട്ടണവാസി), കൃഷിയിൽ നിന്നും മത്സ്യബന്ധനത്തിലേക്ക് വന്ന ഹരിജനങ്ങൾ, ഇരുളാസ് എന്ന ഗിരിവർഗ്ഗക്കാർ. മൊത്തം ജനസംഖ്യയുടെ മൂന്നിൽ രു ഭാഗം ഏകദേശം 15000 പേർ തമിഴ്നാട്ടിൽനിന്നും. ഭൂരിഭാഗംപേരും തടാകത്തിനു ചുറ്റുമായി താമസിക്കുന്നവരും തടാകത്തിൽ മാത്രം മത്സ്യബന്ധനം നടത്തുന്നവരും ആണ്. കിഴക്കൻ ഭാഗത്തുനിന്നു വരുന്നവർ തടാകത്തിലും കടലിലും മത്സ്യബന്ധനം നടത്തുന്നു. പുലിക്കാട്ട് പട്ടണത്തിനടുത്ത് താമസിക്കുന്നവർ എല്ലായ്പോഴും മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർ. മണൽത്തിട്ടയ്ക്ക് സമീപം അഞ്ചുകിലോമീറ്റർ വ്യാസാർദ്ധത്തിലാണ് പഠനം കേന്ദ്രീകരിക്കുന്നത്. കോട്ടൈ കുപ്പം, നടുവൂർ കുപ്പം, ആികുപ്പം - ഈ മൂന്നു ഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളികളാണ് തടാകത്തെ നിയന്ത്രിക്കുന്നത്. ഈ ഗ്രാമങ്ങൾ മുഴുവൻ തമിഴ്നാടിന്റെ ഭാഗത്തുമാണ്.

**പാടു സമ്പ്രദായം**

മണൽത്തിട്ടയ്ക്കു സമിപമുള്ള മത്സ്യബന്ധനനിലത്ത് പ്രവേശത്തിന് ചില നിയന്ത്രണ ങ്ങൾ ഉ് . ഈ സമ്പ്രദായത്തിന് പാടു എന്നു പറയുന്നു.

**തലേക്കെട്ടു സമ്പ്രദായം**

ജാതിയെയും ലിംഗപദവിയെയും ആസ്പദമാക്കിയുള്ള മത്സ്യത്തൊഴിലാളികളുടെ ഗ്രാമ തലസംഘടനയാണ് തലേക്കെട്ട്. പ്രത്യേക ജാതിയിലും ഗ്രാമത്തിലുമുള്ള പുരുഷനായ അംഗത്തിന് തലേക്കെട്ടിൽ അംഗാമാകം; വില്ലേജ് കൗൺസിൽ (ഗ്രാമപഞ്ചായത്ത്) യോഗ്യ താവകാശം അനുവദിക്കുകയാണെങ്കിൽ. അപേക്ഷകന്റെ പൊതുവായി കാണപ്പെടുന്ന വൈദഗ്ധ്യത്തെ ആശ്രയിച്ചും ഗ്രാമത്തിലെ പൊതുവെയുള്ള അവന്റെ ജനസമ്മതിയുടെ തോതനുസരിച്ചുമായിരിക്കും ഇത്.

മെമ്പർഷിപ്പ് കരാറിൽ ഒപ്പുവയ്ക്കാൻ ഒരു കുട്ടി പ്രാപ്തനായി കഴിയുമ്പോൾ (15 വയ സ്) അവനുവേി അവന്റെ അച്ഛൻ വില്ലേജ് കൗൺസിലിനെ സമീപിക്കുന്നു. പഞ്ചാ യത്ത് മെമ്പർഷിപ്പ് അനുവദിക്കുകയാണെങ്കിൽ അംഗത്വഫീസ് അച്ഛൻ കൊടുക്കണം. മത്സ്യബന്ധനിലത്തെ പ്രവേശനാനുവാദത്തിനുപകരമായി, അംഗം മറ്റുള്ളവരുമായി യോജിച്ച് ഗ്രാമത്തിന്റെ പൊതുവായ ചെലവിന്റെ ഉത്തരവാദിത്വം വഹിക്കണം. ഉദാഹര ണത്തിന് ക്ഷേത്രോത്സവങ്ങൾ, വ്യവഹാരം നടത്തൽ മുതലായവ. പാടു സമ്പ്രദായ ത്തിൽപെട്ടാൽ അംഗം തലേക്കെട്ട് എന്ന സ്ഥാപനത്തിന്റെ കീഴിൽ വരും.

**പാടുവും കുപ്പവും**

പാടു സമ്പ്രദായത്തിൽ ഏർപ്പെട്ട് മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർ കോട്ടൈകുപ്പം, നടുവൂർകുപ്പം (കൃസ്ത്യൻ കുപ്പം), ആികുപ്പം എന്നീ ഗ്രാമങ്ങളിൽ നിന്നും വരുന്നവർ. പാടു മൂന്നു തരത്തിൽ തിരിച്ചിട്ടു്. വടക്കുപാടു, മുന്തുറൈ പാടു, ഒടൈ പാടു. ഈ പാടുകൾ (fishing site) പുലിക്കാട്ട് തടാകത്തിലെ ആഴം കൂടിയതും ജലം വറ്റാത്തതുമായ ഭാഗമാണ്. വേനൽക്കാലത്ത് തടാകത്തിലെ മത്സ്യവിഭവം മുഴുവനും ഈ പ്രത്യേകഭാ ഗത്ത് വന്നുചേരും. വടക്കുപാടുവാണ് ഏറ്റവും ഉല്പാദനക്ഷമതയുള്ളത്. തീവ്രമത്സ്യബ ന്ധനം നടക്കുന്ന ഭാഗം. വടക്കുപാടു വീും പതിമൂന്നായും മൂന്തൂറൈ പാടു പന്ത്രായും വിഭജിച്ചിട്ടു്.

**Table I**

**Area of Padu fishing grounds**

| Name of the Padu | *Area (km2) |
|---|---|
| Vadakku Padu | 1.25 |
| Munthurai Padu | 2.50 |
| Odai Padu | 0.45 |
| Total | 4.20 |

* Area figures are approximates

കോട്ടൈ കുപ്പവും ആികുപ്പവും കോവിൽ മണ്ഡപത്തിൽവച്ച് ഡിസംബർ 15-ന് പാടു കുലുക്കൽ (നറുക്കെടുപ്പ്) നടത്തുന്നു. നടുവൂർ കുപ്പം പള്ളിസരത്ത് കൂടി ജനുവരി ഒന്നിന് പാടു കുലുക്കൽ നടത്തുന്നു. ഓരോ ഗ്രാമത്തിലും രു വലിയ ഗ്രൂപ്പുകളായി തരം തിരിക്കുന്നു. വടക്കെ പാടുവിന് ഒന്ന്, മുന്തുറൈ പാടുവിന് ഒന്ന്. ഓരോ വില്ലേജിലെയും യോഗ്യതയുള്ള മത്സ്യത്തൊഴിലാളികളെ മുൻനിറുത്തി ഈ ഗ്രൂപ്പുകളെ വീും വിഭജിച്ച് ചെറുഗ്രൂപ്പുകളാക്കുന്നു. കോട്ടൈകുപ്പത്തിലും ആികുപ്പത്തിലും ഓരോ ഗ്രൂപ്പിൽ മൂന്നു പേർ വീതം. നടുവൂർ കുപ്പത്തിൽ രുപേർ വീതം. ഇത് ഗ്രാമത്തിലെ ജനസംഖ്യയുടെ അടിസ്ഥാന യൂണിറ്റ്. ഈ ഗ്രൂപ്പ് ഓരോ വർഷവും മാറിക്കൊിരിക്കും. ഗ്രൂപ്പിലെ അംഗത്വം കുടുംബബന്ധത്തിന്റെ അടിസ്ഥാനത്തിൽ അല്ല. നടുക്കെടുപ്പിലൂടെ ഗ്രൂപ്പിന് പേരു കൊടുക്കുന്നു. ഒരിക്കൽ നറുക്കെടുപ്പു കഴിഞ്ഞാൽ ചെട്ടിയാർ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കും. പാടു സമ്പ്രദായത്തിലെ അവകാശം അന്യാധീനപ്പെടുത്താൻ ആവില്ല. വിൽക്കാനോ പണയപ്പെടുത്താനോ ആവില്ല. നിശ്ചയിക്കപ്പെട്ട ഗ്രൂപ്പിന് ആ പ്രത്യേകദിവസം മത്സ്യബന്ധനത്തിനു പോകാൻ കഴിഞ്ഞില്ലെങ്കിൽ ആ പ്രത്യേകവില്ലേജിന്റെ തലേക്കെട്ടിന് അന്നേ ദിവസം മത്സ്യബന്ധനത്തിന് അവകാശമുായിരിക്കും. ഓരോ വില്ലേജിലെയും എല്ലാ ഗ്രൂപ്പിനും മത്സ്യബന്ധനനിലം (fishing site) നറുക്കെടുപ്പു കഴിയുന്നതോടെ നിശ്ചയിച്ചിരിക്കും. വൈകുന്നേരം ആറുമുതൽ രാവിലെ ആറു മണിവരെയാണ് മീൻപിടുത്ത സമയം. ഒരേ ഗ്രാമത്തിലെ രു ഗ്രൂപ്പുകൾ വടക്കു പാടുവിലും മുന്തുറൈപാടുവിലും ഇടവിട്ടുള്ള ദിവസങ്ങളിൽ മീൻപിടിക്കും. ഉദാഹരണത്തിന് ഒന്നാം ഗ്രൂപ്പിൽ ഉൾപ്പെടുന്ന യൂണിറ്റ് 'എ'യിലെ മത്സ്യത്തൊഴിലാളികൾ വടക്കുപാടുവിലെ ഒന്നാം സൈറ്റിൽ നിശ്ചയിച്ച ദിവസം മത്സ്യബന്ധനത്തിലേർപ്പെടുന്നവർ തന്നെ മുന്തുറൈ പാടുവിലെ സൈറ്റ് എ-യിൽ അടുത്ത് നിശ്ചയിക്കപ്പെട്ട ദിവസം മത്സ്യബന്ധനത്തിലേർപ്പെടും. മൂന്നാം ദിവസം അവർ വടക്കു പാടുവിൽ രാം സൈറ്റിൽ തിരിച്ചുപോകും. നാലാം ദിവസം മുന്തുറൈപാടുവിലെ രാം സൈറ്റിൽ പാടു ചക്രം (സൈക്കിൾ) പൂർത്തിയാകുന്നതുവരെ ഇതു തുടരും. എല്ലാ മത്സ്യത്തൊഴിലാളികൾക്കും ഇത് ബാധകമാണ്. വാസ്തവത്തിൽ ഓരോ ഗ്രാമത്തിനും നല്ല മത്സ്യബന്ധന (ഗ്രൗ) നിലം ലഭിക്കുന്നത് പന്ത്ര് ദിവസം കൂടുമ്പോൾ ഒരു ദിവസമായിരിക്കും. ഒരു വർഷത്തിൽ 30 ദിവസം.

മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം നറുക്കെടുപ്പുകഴിഞ്ഞാൽ അവർക്ക് അനുവദിച്ചിട്ടുള്ള മത്സ്യബന്ധനനിലത്ത് (ground) നിന്നും പിടിച്ചെടുക്കാവുന്ന ചെമ്മീനിന്റെ ഏകദേശം അളവ് അവർക്ക് മുൻകൂട്ടി നിശ്ചയിക്കാൻ കഴിയും. ചന്ദ്രന്റെ ആവൃത്തികൊ് വ്യത്യസ്ത മത്സ്യബന്ധന നിലങ്ങളിൽ ആപേക്ഷികമായി പിടിച്ചെടുക്കാവുന്ന മത്സ്യത്തിന്റെ സാധ്യത എത്രയായിരിക്കുമെന്ന കാര്യം നേരത്തെ അറിയാമായിരിക്കും. ഇതുകൂടാതെ ഗ്രൂപ്പിന്റെ ഘടനയിൽനിന്ന് ആപേക്ഷികമായി വടക്കുപാടുവിലെ മത്സ്യബന്ധനകഴിവ് അറിയാമായിരിക്കും. യൂണിറ്റുകളെല്ലാം തന്നെ മികവുറ്റതാണെങ്കിൽ മീൻലഭ്യതയും താരതമ്യേന കുറവായിരിക്കും.

**പാടുസമ്പ്രദായത്തിലെ ബാഡിവല പ്രവർത്തനം**

ബാഡിവല പ്രവർത്തനത്തിൽ യോഗ്യതയുള്ള എല്ലാ മത്സ്യത്തൊഴിലാളികളും പങ്കെടു

ക്കുന്നില്ല. ഇത് കുടുംബപരമായ ഉടമസ്ഥാവകാശമുള്ളതും ഓരോ കുടുംബത്തിലും പെടുന്ന യോഗ്യതയുള്ള മൊത്തം മത്സ്യത്തൊഴിലാളികളെ ആശ്രയിച്ചും പാടു ഗ്രൗിൽ മൊത്തം എത്താവുന്ന അവസരങ്ങളെ മുൻനിറുത്തിയുള്ളതുമാകുന്നു. ഓരോ ഗ്രാമത്തിനും 5 യൂണിറ്റാകും. പ്രത്യേകം നിശ്ചയിച്ച ദിവസം കോട്ടൈ കുപ്പത്തിൽനിന്നും ആികുപ്പത്തിൽ നിന്നും ഓരോ ബാഡി വലവീതം ഉപയോഗിക്കാം. നടുവൂർകുപ്പത്തിൽനിന്നും രു ബാഡിവല യൂണിറ്റ് പ്രവർത്തിപ്പിക്കാം. ബാഡിവല ഉടമസ്ഥർ സമൂഹത്തിൽ ഉയർന്ന വരും ഗ്രാമത്തിൽ അധികാരമുള്ളവരുമാണ്. ഗ്രാമത്തലവനായ ചെട്ടിയാരും കൗൺസിലർമാരും ബാഡിവലയുടെ ഉടമസ്ഥരാണ്. ബാഡിവല അവകാശങ്ങൾ സുത്തുവല അവകാശങ്ങളെപ്പോലെ തുല്യനീതി പുലർത്തുന്നില്ല.

**ജനസംഖ്യാസമ്മർദ്ദം**

1980 വരെ ജനസംഖ്യാസമ്മർദ്ദം കണക്കിലെടുത്തിരുന്നില്ല. 1980വരെ ഒരേ ജാതിയിൽപ്പെട്ട മറ്റ് വില്ലേജുകളിലെ മത്സ്യത്തൊഴിലാളികളെയും പാടു മത്സ്യബന്ധനത്തിൽ പങ്കെടുപ്പിച്ചിരുന്നു. 1980 മുതൽ വിവാഹം കഴിഞ്ഞ മൂന്നു ഗ്രാമത്തിലും പെട്ട മത്സ്യത്തൊഴിലാളികളെ പാടു മീൻപിടുത്തത്തിൽ പങ്കെടുക്കാൻ യോഗ്യത കല്പിച്ചിരുന്നു. ഈ അളവുകോൽ ഉായിട്ടും മത്സ്യബന്ധനപ്രദേശത്തെ സമ്മർദ്ദം കൂടിക്കൊായിരുന്നു. ഈ സമ്മർദ്ദത്തെ അഭിമുഖീകരിക്കാൻ ര് അളവുകോൽ പാടു സമ്പ്രദായത്തിൽ കൈക്കൊ

ു .

(എ) മത്സ്യബന്ധന (site) നിലത്തെ വീും ചെറു യൂണിറ്റുകളായി വിഭജിച്ചു.

(ബി) ബോട്ടിൽ പണിയെടുക്കുന്നവരുടെ എണ്ണം രുമുതൽ മൂന്നുവരെ വർദ്ധിപ്പിച്ചു. എന്നിട്ടും പുതിയ യൂണിറ്റുകൾ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. യോഗ്യതയുള്ള 550-ൽ കൂടുതൽ മത്സ്യത്തൊഴിലാളികൾ മൂന്നു ഗ്രാമത്തിലും കൂടി ്. ഏത് മത്സ്യബന്ധനദിവസത്തിലും 168 (56 യൂണിറ്റ്) മത്സ്യത്തൊഴിലാളികളേ ഉൾപ്പെടുത്താൻ കഴിയൂ.

**TABLE 2**

**Total pupulation and the number of eligible fishermen in the Padu villages**

| Name of the village | Total population (1989) | No. of eligible fishermen |
|---|---|---|
| Kottai Kuppam | 701 | 168 |
| Naduvoorkuppam | 1311 | 240 |
| Andikuppam | 510 | 150 |
| Total | 2522 | 558 |

**സംഘർഷങ്ങൾ**

കടലോരഗ്രാമത്തിലെ മത്സ്യത്തൊഴിലാളികൾ പാടുസമ്പ്രദായത്തിൽ അവകാശമുന്നയിച്ചതും അതിലെ രാഷ്ട്രീയ ഇടപെടലുകളും പാടുസമ്പ്രദായത്തെ കൂടുതൽ സങ്കീർണ്ണ

മാക്കി. 1930 മുതൽ കടൽ-മത്സ്യബന്ധനത്തൊഴിലാളികൾ പാടു അവകാശത്തിനുവേി ഇടപെട്ടുതുടങ്ങിയതുകാണാം. തടാകമത്സ്യത്തൊഴിലാളികൾക്ക് തടാകത്തിന്റെ കിഴക്കൻഭാഗത്തെ മത്സ്യത്തൊഴിലാകളുടെ മേൽ വലിയ സ്വാധീനമില്ലാത്തതുകൊ് മുന്തുറൈ പാടുവിലെ കുറേഭാഗം ഗുണൻകുപ്പത്തിലുള്ളവർക്കും ലൈറ്റ്ഹൗസ് കോളനിക്കാർക്കും ഡോണിരവുകാർക്കും വേി നീക്കിവയ്ക്കേിവന്നു.

1985 മുതൽക്കാണ് പ്രശ്നം കൂടുതൽ സങ്കീർണ്ണമാകുന്നത്. ശ്രീഹരിക്കോട്ട ദ്വീപിൽനിന്നും കുടിയൊഴിപ്പിക്കപ്പെട്ട മത്സ്യത്തൊഴിലാളികൾ തടാകത്തിന്റെ തെക്കുകിഴക്ക് ഭാഗത്തേക്ക് കുടിയേറി. കുടിയിറക്കപ്പെടുന്ന സമയത്ത് അവർക്ക് തടാകത്തിൽ മത്സ്യബന്ധനാവകാശം നൽകാമെന്ന് ഗവൺമെന്റ് വാഗ്ദാനം ചെയ്തിരുന്നു. തുടർന്ന് നടന്ന സംഘർഷങ്ങളിൽ 1989-വരെ ഒൻപത് മത്സ്യത്തൊഴിലാളികൾ കൊല്ലപ്പെട്ടിട്ടു്. ഇപ്പോഴും സംഘർഷഭരിതമാണ്. 1989-ലെ സംഘർഷത്തെത്തുടർന്ന് സർക്കാരിന്റെ ഇടപെടലുായി. അതിന്റെ ഫലമായി പാടു മത്സ്യത്തൊഴിലാളികൾക്ക് അവരുടെ അവകാശങ്ങളിൽനിന്നും സൗജന്യം കൊടുക്കേിവന്നു. വർഷത്തിൽ അമ്പതുദിവസം മത്സ്യം പിടിക്കാനുള്ള അവകാശം കുടിയേറ്റക്കാർക്ക് നൽകി.

### തടാകത്തിലെ മത്സ്യത്തൊഴിലാളികളുടെ പ്രതികരണം

തടാകത്തിലെ മത്സ്യബന്ധനസമ്മർദ്ദം വർദ്ധിച്ചുതുടങ്ങി. കടൽ-മത്സ്യത്തൊഴിലാളികളുടെ ഭാഗത്തുനിന്നു മാത്രമല്ല ഭൂമിയില്ലാത്ത തൊഴിലാളികളുടെയും നിരാലംബരായ ആദിവാസികളുടെയും ഭാഗത്തുനിന്നും സമ്മർദ്ദമുായി. ഒടുവിൽ ഉത്പാദനക്ഷമതയുള്ള വടക്കുപാടു ഒഴികെയുള്ള മുന്തുറൈപാടുവിലും ഒടൈപാടുവിലും മത്സ്യബന്ധനത്തിന് അവകാശം നൽകി. തടാകത്തിന് പുറത്തുള്ളവരുടെ സമ്മർദ്ദത്തെത്തുടർന്ന് തടാകത്തിനരികിലുള്ള 24 ഗ്രാമങ്ങളിലെ ആളുകൾ ചേർന്ന് 'പഴവർക്കാട് ഏറിമീനവർ നാട്ടു പടഗു ഐക്യസംഘം' (Association of Traditional Lake Fishermen of Pulicat) രൂപീകരിച്ചു. പാടു സമ്പ്രദായത്തെ അംഗീകരിക്കുന്ന തലേക്കെട്ടിലെ എല്ലാവരെയും ഈ സംഘം പ്രതിനിധാനം ചെയ്യുന്നു. തങ്ങളുടെ ജാതിയും പാരമ്പര്യവും മുറുകെ പിടിച്ചുകൊാണ് പുറത്തുള്ളവർക്കെതിരെയുള്ള വാദമുഖങ്ങൾ തടാകമത്സ്യത്തൊഴിലാളികൾ നിരത്തിയത്. ആദിവാസികളും മത്സ്യത്തൊഴിലാളിവിഭാഗത്തിൽപ്പെടാത്ത ജാതിയിൽപ്പെട്ടവരും തടാകത്തിൽ അവകാശവാദമുന്നയിച്ചപ്പോൾ, അവരവരുടെ ജാതിയുടെ തനിമയും നിശ്ചയിക്കപ്പെട്ട തൊഴിലും ചെയ്യണമെന്ന് തടാകമത്സ്യത്തൊഴിലാളികൾ ഓർമ്മിപ്പിച്ചു. കടൽ-മത്സ്യത്തൊഴിലാളികളോട് അവർ പാടുസമ്പ്രദായത്തിൽ വരുന്നതിനുപകരം അവരുടെ താവളമായ കടൽമേഖലയിലേക്ക് തിരികെപോകണമെന്നും തടാകമത്സ്യത്തൊഴിലാളികൾ ഓർമ്മിപ്പിച്ചു. മത്സ്യബന്ധനം തൊഴിലാക്കിയ ജാതികൾ മത്സ്യബന്ധനം നടത്തുകയും പരമ്പരാഗതമായ മത്സ്യബന്ധനനിലം നിജപ്പെടുത്തുകയും വേണമെന്ന് വാദിക്കുകയുായി. സർക്കാർ തടാകമത്സ്യത്തൊഴിലാളികളുടെ ഉപയോഗാവകാശം തിരിച്ചറിയാൻ കൂട്ടാക്കണമെന്നും നിർദ്ദേശിക്കുകയുായി.

**സർക്കാരിന്റെ മനോഭാവം**

സർക്കാർ അധികാരികൾ പാടുസമ്പ്രദായത്തിലെ പ്രാപ്യതാവകാശങ്ങളെ ഔദ്യോഗിക മായി അംഗീകരിച്ചിട്ടില്ല. പാടുസമ്പ്രദായത്തെ സർക്കാർ വീക്ഷിക്കുന്നത് ഒരുകൂട്ടം മത്സ്യ ത്തൊഴിലാളികൾ അവരുടെ മാത്രം ഗുണത്തിനുവേി തടാകത്തെ ചൂഷണംചെയ്യാ നുള്ള ഒരു സംവിധാനം എന്ന നിലയ്ക്കാണ്. മത്സ്യമേഖലയിൽ നിലനില്ക്കുന്ന ഇത്ത രത്തിലുള്ള പ്രാദേശികനിയന്ത്രണാവകാശങ്ങളെ നിയമാനുസൃതമാക്കുന്നതിനുപകരം ഈ മേഖലയിലെ സംഘർഷങ്ങളുടെ പരിഹാരത്തിന് സർക്കാർ സംവിധാനങ്ങളുടെ ആക്കം വർധിപ്പിക്കുന്നതിനുള്ള വീക്ഷണമാണ് സർക്കാർ പുലർത്തുന്നത്. തമിഴ്നാട് ഫിഷറീസ് ഡിപ്പാർട്ട്മെന്റ് മേലധികാരികളുടെ ഭാഗത്തുനിന്നും സർക്കാരിന്റെ മേൽനോ ട്ടത്തിൽ രജിസ്ട്രേഷനും ലൈസൻസും ഏർപ്പെടുത്താനുള്ള ശ്രമമാണ് നടത്തുന്നത്. മേലധികാരികളുടെ കാഴ്ചപ്പാടിൽ ആരാണോ ലൈസൻസ് ഫീസ് നൽകാനും സർക്കാ രിന്റെ ചട്ടങ്ങൾ അനുസരിക്കാനും കഴിയുന്നവർ അവർക്ക് പുലിക്കാട്ട് തടാകത്തിലെ മത്സ്യബന്ധനാവകാശം നൽകുക.

**പര്യവസാനം**

ജാതിയെ അടിസ്ഥാനപ്പെടുത്തിയുള്ള പുലിക്കാട്ട് തടാകത്തിലെ പാടുസമ്പ്രദായം മത്സ്യ ബന്ധനനിലത്തിന്റെ ഉല്പാദനക്ഷമത നിലനിറുത്തിപ്പോരുന്ന അതുല്യമായ ഒരു മാതൃ കയാണ്. ഈ പാടുസമ്പ്രദായം വഴി സ്ഥായിയായ ഉല്പാദനക്ഷമത നിലനിറുത്താൻ കഴിയുന്നു. മത്സ്യബന്ധനനിലത്ത് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണംകൊ് തടാക ത്തിനെ ആശ്രയിച്ചുള്ള മത്സ്യവ്യവസായം തകരാതെ കാത്തുസൂക്ഷിക്കുന്നു്. എങ്കിലും മത്സ്യബന്ധനസമ്മർദ്ദം കൂടുന്നതായി കാണാൻ കഴിയുന്നു. പാരിസ്ഥിതികപ്രശ്നങ്ങളും തടാകത്തെ ബാധിക്കുന്നു്. ചെമ്മീനിന്റെ കയറ്റുമതിയുമായി വികസിച്ചുവന്ന മത്സ്യവ്യ വസായം മത്സ്യത്തൊഴിലാളികൾക്കിടയിൽ സംഘർഷത്തിന് കാരണമായിട്ടു്. പാടു സമ്പ്രദായത്തോട് ഗവൺമെന്റിനുള്ള സമീപനവും ശരിയായ ദിശയിലുള്ളതല്ല. മത്സ്യബ ന്ധനനിലത്തെ നിയന്ത്രണവിധേയമാക്കി നടത്തിവരുന്ന പരമ്പരാഗത മാനേജ്മെന്റ് രീതി പൂർണ്ണമായും വിഭവസംരക്ഷണത്തെ ഉദ്ദേശിച്ചുകൊുള്ള ഒന്നാണെന്നു പറയാനാവി ല്ല. അമിതമത്സ്യബന്ധനവും കൂടുതൽ മൂലധനനിക്ഷേപവും കാലക്രമത്തിൽ മത്സ്യബ ന്ധനത്തിനുമേൽ യാതൊരു നിയന്ത്രണവുമില്ലാത്ത സ്ഥിതിവിശേഷത്തിൽ കൊത്തെി ക്കും. കടൽമത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ തടാകത്തിൽ മത്സ്യബന്ധനത്തിന് അനുവദിക്കാൻ പാടില്ല. ആദിവാസികളെയും കർഷകരെയും കൃഷിയുമായി ബന്ധപ്പെട്ട ജോലികളിലേക്ക് പുനരധിവസിപ്പിക്കുക. തടാകത്തെ മാത്രം പരമ്പരാഗതമായി ആശ്ര യിച്ചു മത്സ്യബന്ധനം നടത്തുന്നവരെ അതിന് അനുവദിക്കുക. അങ്ങനെ വരുമ്പോൾ വീും സഹവർത്തിത്വത്തിന്റെ ഒരന്തരീക്ഷം തടാകത്തിൽ സംജാതമാകും.

## III. FAO fisheries report No. 474/Japan Expert Consultation on the Development of community based Coastal Fishery Management Systems, held in Kobe, Japan 8-12 June 1992.

ലോകഭക്ഷ്യകാർഷിക സംഘടന (FAO)1992-ൽ പരമ്പരാഗത മത്സ്യപരിപാലനസമ്പ്രദായങ്ങളെക്കുറിച്ച് ഒരു വിദഗ്ധസമ്മേളനം നടത്തുകയുായി. ഈ സമ്മേളനത്തിൽ അവതരിപ്പിച്ച പ്രബന്ധങ്ങളിൽ പ്രധാനപ്പെട്ടവ അവലോകനത്തിന് വിധേയമാക്കപ്പെടുന്നു.

### 1. Snapper fishing by rotation by Yamagata Prefecture, Japan

സ്നാപ്പർ മത്സ്യബന്ധനത്തിന്റെ ഉന്നതനിലവാരത്തെ നിലനിറുത്തുന്നതിന് ഒരു മത്സ്യത്തൊഴിലാളി സഹകരണസ്ഥാപനം കൈക്കൊ നടപടികളെ പ്രതിപാദിക്കുന്നതാണ് ഈ പഠനം. പരിമിതമായ ഒരു മത്സ്യബന്ധനപ്രദേശത്ത് മികച്ച സ്ഥാനം ലഭിക്കാൻവേി ബോട്ടുകൾ തമ്മിൽ കടുത്ത മത്സരമുായി. മത്സ്യബന്ധനഉപകരണങ്ങളുടെ (വലകളുടെ) കൂടിക്കുഴച്ചിൽ വലിയ പ്രശ്നങ്ങൾ ഉാക്കുന്നതിനു കാരണമായി. 1960കളിൽ സഹകരണസ്ഥാപനം ഒരു പ്രത്യേക സ്നാപ്പർ കൗൺസിൽ രൂപീകരിക്കുകയും ബന്ധനപ്രദേശത്തെ അമിതതിരക്ക് ഒഴിവാക്കുന്നതിന് അനുയോജ്യമായ നിരവധി മാനേജ്മെന്റ് നടപടികൾ കൈക്കൊള്ളുകയും ചെയ്തു. പ്രത്യേകിച്ച് ബോട്ടുകളെ സംഘങ്ങളായി തിരിക്കുകയും ഓരോ സംഘത്തിനും ഊഴമനുസരിച്ച് മത്സ്യബന്ധനം നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. മത്സ്യബന്ധനം തുടങ്ങുന്നതിനും അവസാനിപ്പിക്കുന്നതിനും ചില സമയനിബന്ധനകളും ഏർപ്പെടുത്തി. അങ്ങനെ താറുമാറായിക്കിടന്ന ഒരവസ്ഥയെ ക്രമത്തിലാക്കാൻ ഈ നാടപടികൾകൊു സാധിച്ചു. എന്നാൽ മത്സ്യകുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനും, വിളവെടുപ്പ് കൂടുതൽ ഫലപ്രദമാക്കുന്നതിനും ശാസ്ത്രീയ അടിത്തറയുള്ള പുതിയ നടപടികൾ ആവശ്യമാണ്.

(എ) പ്രജനനസ്ഥലങ്ങളിൽ മത്സ്യബന്ധനം നിയന്ത്രിക്കുന്നതിന് ശക്തമായ ശാസ്ത്രീയ അടിത്തറയുള്ള നടപടികൾ ആവിഷ്കരിക്കുക.

(ബി) മത്സ്യക്കുഞ്ഞുങ്ങളെ കൂട്ടത്തോടെ കടലിൽ വിടുന്നത് വംശവർദ്ധനവിനെ സഹായിക്കുമോ എന്ന കാര്യത്തിൽ സംശയം നിലനില്ക്കുന്നു്. ഇതിനുപകരം മത്സ്യക്കുഞ്ഞുങ്ങളെ കൂടുതലായി പിടിക്കുന്ന ആഴക്കടൽ ട്രോളിംഗ് പോലെയുള്ള മത്സ്യബന്ധനരീതികൾ നിരോധിക്കുന്നതാണ് കൂടുതൽ ഫലപ്രദം എന്ന് വിശ്വസിക്കപ്പെടുന്നു.

(സി) വളരെ വേഗത്തിൽ വളരുന്ന മത്സ്യമാണ് സ്നാപ്പർ. അതുകൊുതന്നെ നിശ്ചിത പ്രായത്തിൽ താഴെയുള്ള മത്സ്യങ്ങളെ ഒഴിവാക്കിയുള്ള മത്സ്യബന്ധനരീതികളാണ് ആശാസ്യം.

### 2. Management of clam fishery in lake Hamana by the Hamana Fisheries Co-operative Shizhoka Prefecture Japan

ജപ്പാനിലെ പ്രധാന കായലുകളിൽ ഒന്നായ ഹമാന തടാകത്തിലെ നത്തക്കമത്സ്യബന്ധനത്തിന്റെ പ്രത്യേകതകളാണ് ഈ പഠനത്തിൽ വിവരിക്കുന്നത്. മത്സ്യബന്ധനത്തിലും

അവയുടെ തോടുകളുടെ ശരാശരിവലുപ്പത്തിലും വൻ അളവിൽ കുറവുായതിനെത്തുടർന്ന് perfectural മത്സ്യഗവേഷണകേന്ദ്രത്തിന്റെ സഹായത്തോടെ എൺപതുകളുടെ തുടക്കത്തിൽ ഹമാന മത്സ്യസഹകരണസംഘം ചില ഗൗരവമേറിയ മാനേജ്മെന്റ് നടപടികൾ നടപ്പിൽ വരുത്തുകയുായി. പിടിക്കുന്ന മത്സ്യത്തിന്റെ വലുപ്പത്തിലുള്ള നിയന്ത്രണം, ചില ദിവസങ്ങളിൽ മത്സ്യബന്ധനം അനുവദിക്കാതിരിക്കൽ തുടങ്ങിയ മാർഗ്ഗങ്ങളാണ് അവർ സ്വീകരിച്ചത്. മുക്കുവരിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കി അത് മത്സ്യക്കുഞ്ഞുങ്ങളെ തിരികെ വിടുന്ന പരിപാടികൾക്ക് ഉപയോഗിക്കുക എന്നതായിരുന്നു മറ്റൊരു രീതി. ഉല്ലാസമത്സ്യബന്ധനവും അതുപോലുള്ള മറ്റു വിനോദസഞ്ചാരപ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കാനുള്ള പ്രവർത്തനവും നടന്നിരുന്നു. ഈ പ്രവർത്തനങ്ങളുടെ വിജയത്തിന്റെ പ്രധാന ഘടകങ്ങളിൽ ഒന്ന് സഹകരണസംഘത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച കേന്ദ്രീകൃത വിഭവശേഖരണകേന്ദ്രമായിരുന്നു. ഇതു കൃത്യമായ ഒരു വിനിമയ വഴി തുറന്നു എന്നു മാത്രമല്ല വിഭവപരിശോധനയ്ക്ക് ഉതകുന്നവിധത്തിൽ വിവരശേഖരണത്തെ സഹായിക്കുകയും ചെയ്തു. ഭാവിയിൽ എന്തൊക്കെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്നും അവ എങ്ങനെ ഫലപ്രദമായി നടപ്പിലാക്കാമെന്നും പരിശോധിക്കാം.

മാനേജ്മെന്റ് നടപടികൾ ഏർപ്പെടുത്തിയിരുന്നിട്ടും 1985-ൽ വിളവ് മുൻകാലങ്ങളെക്കാൾ വലിയ അളവിൽ കുറഞ്ഞു. ഗവേഷണകേന്ദ്രം കൂടുതൽ കർശനമായ വലിപ്പനിയന്ത്രണത്തിനും, അടഞ്ഞ പ്രദേശങ്ങളിൽ കൂടുതൽ കർശനമായ കാവലിനും ശുപാർശ ചെയ്തു. മാത്രമല്ല, മുക്കുവർ നിയന്ത്രണങ്ങളുടെയും അവ നടപ്പിലാക്കാനുള്ള നടപടികളുടെയും ആവശ്യകതകളെക്കുറിച്ച് കൂടുതൽ ബോധവാന്മാരായി.

ഒന്നാമതായി അടഞ്ഞ പ്രദേശങ്ങളിൽ കർശനമായും മത്സ്യബന്ധനം തടയണം അല്ലെങ്കിൽ നത്തക്കായുടെ സ്വാഭാവികപ്രജനനത്തെ ബാധിക്കുകയും, അത് സംരക്ഷിതമേഖലയിലെ മത്സ്യബന്ധനത്തിന്റെ അളവിനെ കുറയ്ക്കുകയും ചെയ്യും. രാത്രിയിൽ ക്യാമറകളുടെ സഹായത്തോടെയുള്ള കർശനമായ പരിശോധനകൾ ആവശ്യമാണ്.

വലിയ കണ്ണികളുള്ള വലകൾ ഉപയോഗിക്കുന്നതുവഴി കുഞ്ഞുങ്ങൾക്ക് രക്ഷപ്പെടാനുള്ള അവസരങ്ങൾ ലഭിക്കും.

മൂന്നാമതായി വരുന്ന അഞ്ചുവർഷംകൊ് ദിവസമത്സ്യബന്ധന അളവ് നിലവിലുള്ള നാലുകൂടകൾ എന്നത് മൂന്നായി ചുരുക്കണം. സമാന്തരമായി നത്തക്ക മത്സ്യബന്ധനം മാത്രം നടത്തുന്നവരുടെ പരിധി അഞ്ചു കൂടയാക്കുകയും, മറ്റുള്ളവരെ കർശനമായി മൂന്നു കൂടയിൽ നിർത്താൻ പ്രേരിപ്പിക്കുകയും വേണം.

വേനൽകാലത്തിനും ശരത്കാലത്തിനും ഇടയ്ക്ക് ഒരു മാസത്തെ മത്സ്യബന്ധന അവധി ഏർപ്പെടുത്തുക.

മത്സ്യക്കുഞ്ഞുങ്ങളുടെ പുനരധിവാസത്തിനുള്ള ഫീസ് വർദ്ധിപ്പിക്കുകവഴി മൂന്നു വർഷത്തിൽ താഴെ പ്രായമുള്ള കുഞ്ഞുങ്ങളെ തിരികെ വിടാനുള്ള കൂടുതൽ സൗകര്യങ്ങൾ ഒരുക്കുക.

ദീർഘകാലപദ്ധതി എന്ന നിലയിൽ perfectural പരീക്ഷണശാലയുടെ ശാസ്ത്രീയ പഠന ങ്ങളുടെ അടിസ്ഥാനത്തിലുള്ള സമ്പൂർണ്ണബന്ധനനിയന്ത്രണപദ്ധതി നടപ്പിൽ വരുത്തുക. വിനോദമത്സ്യബന്ധനത്തിന് കൂടുതൽ ഫീസ് ഈടാക്കുകയും അത് പുനരധിവാസ പദ്ധ തികൾക്കായി ഉപയോഗിക്കുകയും ചെയ്യുക.

## 3. Community Management of Marine Resources in the Maluku Islands by Ch. Zerner, Woodrow Wilson International Centre for Scholars, USA

ചെറുകിട മത്സ്യബന്ധനത്തിന്റെ ആവശ്യകതയെക്കുറിച്ച് ഇൻഡോനേഷ്യൻ അടിസ്ഥാന മത്സ്യബന്ധന നിയമം നമ്പർ 9/1985 ഇടയ്ക്കിടെ പ്രതിപാദിക്കുന്നുണ്ടെങ്കിലും, അവ രുടെ പരമ്പരാഗത അവകാശങ്ങളും കീഴ്‌വഴക്കങ്ങളും സുരക്ഷിതമായ ഒരു നിയമവ്യവ സ്ഥയുടെ കീഴിൽ സംരക്ഷിക്കുന്നതിനോ പ്രാവർത്തികമാക്കുന്നതിനോ സഹായകമാം വിധത്തിൽ അംഗീകരിക്കപ്പെടുകയോ വികസിക്കപ്പെടുകയോ ചെയ്തിട്ടില്ല. മാത്രമല്ല മറ്റ് ഭൂനിയമങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ചെറുകിട മുക്കുവരുടെ തീരക്കടൽ മത്സ്യ ബന്ധന അവകാശസംരക്ഷണം ട്രോളിംഗ് നിരോധനം നിലവിലുള്ളപ്പോൾ പോലും പിന്നോക്കമാണ് എന്നു കാണാം. അടിസ്ഥാന മത്സ്യബന്ധനനിയമത്തിൽ വൻകിടസ്ഥാ പനങ്ങളുടെ ലൈസൻസുകളെ സംബന്ധിച്ച് വിസ്തൃതമായ ചട്ടങ്ങൾ ഉണ്ടെങ്കിലും, കട ലിൽ വ്യക്തിഗത ഉടമസ്ഥാവകാശങ്ങളോ വ്യത്യസ്ത സാമുദായിക അവകാശങ്ങളോ നിയമപരമായി തിരിച്ചറിയുകയോ വികസിപ്പിക്കുകയോ ചെയ്തിട്ടില്ല. ഇൻഡോനേഷ്യൻ തീരക്കടൽ ഇങ്ങനെ മത്സ്യബന്ധനത്തിന് തുറന്നുകൊടുക്കപ്പെടുന്നതിൽനിന്ന് ഉ കാവുന്ന സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക പ്രശ്നങ്ങൾ അവിടത്തെ ചെറുകിടമ ത്സ്യബന്ധനകുടുംബങ്ങളെ സംബന്ധിച്ചിടത്തോളം നിർണായകമാണ്. ഏകദേശം 2.3 ലക്ഷം വരുന്ന ഇവരാണ് മൊത്തം മൃഗപ്രോട്ടീൻ ഉപഭോഗത്തിന്റെ 60% സംഭാവന ചെയ്യു ന്നത്.

മാത്രമല്ല ചെറുകിട മുക്കുവരുടെ അവകാശങ്ങൾ ദേശീയ-പ്രാദേശികതലങ്ങളിൽ അംഗീ കരിക്കപ്പെടുന്നതോടെ ദേശീയ മത്സ്യബന്ധനനിയമം നടപ്പാക്കുന്നതിൽ കൂടുതൽ പുരോ ഗതി കൈവരിക്കാൻ സാധിക്കും. മത്സ്യബന്ധനനിയമനിഷേധങ്ങളെക്കുറിച്ച് നിർണായക വിവരങ്ങൾ ശേഖരിക്കാനും, അവ അധികാരികളെ അറിയിക്കാനും ചെറുകിട മുക്കുവർക്ക് സാധിക്കും. തീരക്കടലിലെ നിശ്ചിതവും, പരിധിയുള്ളതുമായ പ്രദേശങ്ങളുടെ അവകാശം നിയമപരമായി ചെറുകിട മുക്കുവർക്ക് സ്ഥാപിച്ചു നൽകുന്നതിലൂടെ, ഇൻഡോനേഷ്യൻ തീരക്കടലിലെ നിയമപരമല്ലാത്ത പ്രവൃത്തികളെ നിരീക്ഷിക്കുന്നതിനും, അവയെ ചെറു ക്കുന്നതിനും അവർക്കുള്ള ഉത്സാഹം വർധിക്കും. മലൂകുദ്വീപുകളിലെ തീരക്കടൽ മത്സ്യ ബന്ധനമേഖലയിലെ Sasi എന്നറിയപ്പെടുന്ന ഫലപ്രദ പ്രാദേശിക അംഗീകൃത രൂപത്തി ലുള്ള സാമൂഹ്യനിയന്ത്രണങ്ങളെയും മാനേജ്മെന്റ് രീതികളെയും പരിശോധിക്കുന്നതാണ് ഈ പഠനം. വളരെ വിപുലമായ സ്ഥാപനക്രമീകരണങ്ങൾ, നിയമനടത്തിപ്പിന്റെ രീതി കൾ, പ്രാദേശിക നിയന്ത്രണങ്ങളുടെ വൈവിധ്യപൂർണമായ ഉള്ളടക്കങ്ങൾ ഇവ ക്രോഡീ കരിക്കുന്നതിലൂടെ പ്രാദേശിക ജനവിഭാഗങ്ങൾ എങ്ങനെയാണ് പ്രധാനപ്പെട്ടതും, വില പിടിപ്പുള്ളതുമായ വ്യവസ്ഥകൾ കുപിടിക്കുകയും നിലനിറുത്തുകയും ചെയ്തത് എന്നു പരിശോധിക്കുകയാണ് ഈ പഠനത്തിന്റെ ലക്ഷ്യം. അവർക്ക് അവകാശപ്പെട്ട തീരക്കട

ലിൽനിന്ന് ഭക്ഷണവും ദൈനംദിന ആവശ്യങ്ങളും നേടുക മാത്രമല്ല ഈ രീതികൾ കൊ് ഉദ്ദേശിക്കുന്നത്. മറിച്ച് മാറിക്കൊിരിക്കുന്നതും അടിക്കടി നവീകരിക്കപ്പെടുന്നതുമായ ഇത്തരം സാംസ്കാരിക കുപിടുത്തങ്ങൾ വിഭവങ്ങളുടെ അളവിനെ ആരോഗ്യകര മായ രീതിയിൽ നിലനിറുത്തുന്നതിനും, ഇൻഡോനേഷ്യൻ സമുദ്രോല്പന്ന വൈവിധ്യ ത്തെ സംരക്ഷിക്കാൻ സഹായിക്കുന്ന രീതിയിൽ വളർത്തിയെടുക്കേതായും ു്.

അടിസ്ഥാനപരമായി Sasi എന്ന വാക്കിന്റെ അർത്ഥം തന്നെ നിയന്ത്രണം എന്നാണ്. പ്രധാനമായും മൂന്നു ലക്ഷ്യങ്ങൾ മുൻനിറുത്തിയാണ് തീരക്കടൽ മത്സ്യബന്ധനത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്.

1. തീരക്കടൽ മത്സ്യബന്ധനത്തിന്റെ പ്രകൃതിദത്ത ഗുണങ്ങൾ അനുഭവിക്കാനുള്ള അവ സരം പ്രാദേശിക സമൂഹങ്ങൾക്ക് തുല്യമായും ന്യായമായും ലഭിക്കുന്നുവെന്ന് ഉറ പ്പുവരുത്തുക.
2. ചലനവേഗം കുറഞ്ഞ സമുദ്രോല്പന്നങ്ങളെ ഇൻഡോനേഷ്യൻ തിരക്കടലിൽ നില നിറുത്തുന്ന മാനേജ്മെന്റ് നടപടികൾ ഉറപ്പാക്കുക.
3. അവരുടെ പ്രാദേശിക കടലിൽ ഇടയ്ക്കിടെ വന്നുപോകുന്നതോ സ്ഥിരമായി നില നില്ക്കുന്നതോ ആയ സമുദ്രോല്പന്നങ്ങളിലൂടെ സമൂഹത്തിലെ അംഗങ്ങൾക്ക് സാമ്പത്തികവരുമാനവും ഭക്ഷണവും ഉറപ്പിക്കുക.

ഈ ലക്ഷ്യങ്ങൾ മുൻനിറുത്തി താഴെപ്പറയുന്ന നിയന്ത്രണങ്ങളാണ് സാസിവ്യവസ്ഥയിൽ നടപ്പിലാക്കിയിരിക്കുന്നത്.

എ. മത്സ്യബന്ധനകാലാവസ്ഥകളുടെ നിർണയം.
ബി. അനുവദനീയവും അല്ലാത്തതുമായ മത്സ്യബന്ധനോപകരണങ്ങൾ
സി. അനുവദനീയവും അല്ലാത്തതുമായ മത്സ്യബന്ധനരീതികളും തന്ത്രങ്ങളും
ഡി. നിശ്ചിതവർഗ്ഗങ്ങളെയോ നിശ്ചിത അളവിനെയോ സംബന്ധിച്ചുള്ള നിയന്ത്രണ ങ്ങൾ
ഇ. സാമൂഹിക അതിർത്തിക്കുള്ളിൽത്തന്നെ മത്സ്യബന്ധന കാലാവസ്ഥകളുടെ പ്രദേശ നിർണയം
എഫ്. അതിർത്തി ആശയങ്ങളും ഭൗതിക അടയാളങ്ങളും
ജി. പ്രാഥമിക പഠനങ്ങൾ തെളിയിക്കുന്നത് മലൂകു ദ്വീപുകളിൽ നിലനിൽക്കുന്ന സാമൂ ഹിക മാനേജ്മെന്റ് രീതികൾ, നിയമങ്ങൾ, സ്ഥാപനങ്ങൾ എന്നിവ കാര്യക്ഷമവും സാർത്ഥകവുമാണ് എന്നാണ്.

ഈ പഠനത്തിന്റെ ഫലങ്ങൾ താഴെപ്പറയുന്നവയാണ്.

1. **ചെലവില്ലാത്തത്:**
   കടലിലും കരയിലും ദൈനംദിനാവശ്യങ്ങളുടെ ഭാഗമായി സഞ്ചരിക്കുന്ന പ്രാദേ ശികവ്യക്തികൾ നടപ്പിലാക്കുന്നു.

2. **കാര്യക്ഷമം**
   കടലിൽനിന്ന് ജീവിതോപായം തേടുന്ന പ്രാദേശികവ്യക്തികൾ നിയമങ്ങൾ അനു

സരിക്കുന്നതിൽ തല്പരരായിരിക്കും എന്നുമാത്രമല്ല സമൂഹത്തിനുള്ളിൽനിന്നും പുറത്തുനിന്നുമുള്ള നിയമലംഘകരെ നിയന്ത്രിക്കുന്നതിലും ശ്രദ്ധചെലുത്തും.

3. **പരിസ്ഥിതിക്ക് അനുകൂലം**

സാമൂഹിക നിയന്ത്രണങ്ങൾക്ക് വിധേയമായ പല സമുദ്രോല്പന്നങ്ങളും വിലമതിക്കാനാവാത്തതോ പ്രാദേശിക മുക്കുവരുടെ ഉപജീവനസഹായിയോ ആയിരിക്കും. അതുകൊുതന്നെ പ്രാദേശീയസമൂഹങ്ങൾ ഈ വിഭവങ്ങളുടെ പ്രാപ്യതയേയും ചൂഷണത്തേയും നിയന്ത്രിക്കുന്നതിൽ അതിയായ സൂക്ഷ്മത പുലർത്തുന്നു.

4. **പരിഷ്കരിക്കാവുന്നത്**

പരസ്പരബന്ധമുള്ള പ്രാദേശികസമൂഹങ്ങൾ രൂപപ്പെടുത്തുന്നതും, ആവിഷ്കരിക്കുന്നതുമാണ് ഈ നിയമങ്ങൾ എന്നതുകൊുതന്നെ മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് നിയമങ്ങളുടെ രൂപം മാറ്റുന്നതിനും പരിഷ്കരിക്കുന്നതിനും അവർക്ക് എളുപ്പം കഴിയും. കുഴഞ്ഞുമറിഞ്ഞ പാർലമെന്ററി നടപടികളെ ലഘൂകരിക്കുന്നതിനുള്ള സാംസ്ക്കാരികസ്വത്തുക്കളായ് ഇത്തരം ഗ്രാമീണപാരമ്പര്യങ്ങളെ ഉപയോഗിക്കാവുന്നതാണ്.

5. **സാമ്പത്തികമായ കാര്യക്ഷമത**

ഈ സമുദ്രോല്പന്നങ്ങളുടെ പ്രാപ്യത നിയന്ത്രിക്കുന്ന വിധത്തിൽ കാര്യക്ഷമമായ നിയമങ്ങളും സ്ഥാപനപ്രവർത്തനങ്ങളും പ്രാദേശിക തീരപ്രദേശസമൂഹങ്ങൾക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നു.

6. **സംരക്ഷണവും സന്തുലിതവികസനവും**

പ്രാദേശിക മുക്കുവർക്ക് ചലിക്കുന്നതും അല്ലാത്തതുമായ സമുദ്രോല്പന്നങ്ങൾ സമത്വ അവകാശങ്ങൾ പ്രദാനം ചെയ്യുന്ന സാമൂഹിക നിയമങ്ങൾ, സാമ്പത്തിക സ്ഥിരാവസ്ഥയ്ക്കും പാരിസ്ഥിതിക വൈവിധ്യസംരക്ഷണത്തിനും സഹായകമാകും.

മലൂകു ദ്വീപുകളിലെ സമുദ്രമാനേജ്മെന്റ് സ്ഥാപനങ്ങളുടെ നിലനില്പിനും, നടത്തിപ്പിനും, സർക്കാർതലത്തിലും അന്താരാഷ്ട്രതലത്തിലുമുള്ള സഹായങ്ങൾ ആവശ്യമാണ്. ഈ സ്ഥാപനങ്ങളും അവ നടപ്പിലാക്കുന്ന നിയമങ്ങളും പൂർണമല്ല. ഈ വ്യവസ്ഥിതകളുടെ നിലവാരം പരിശോധിക്കുന്നതിനും പ്രാദേശിക പരിസ്ഥിതിയിലും ജൈവവൈവിധ്യത്തിലും അവ വഹിക്കുന്ന പങ്കിനെക്കുറിച്ചും, സമീപകാല സർക്കാർതലമാറ്റങ്ങൾ ഉാക്കിയ പ്രതിഫലനങ്ങളെക്കുറിച്ചും അവലോകനം ചെയ്യുന്നതിന് കൂടുതൽ ശ്രമങ്ങൾ ആവവശ്യമാണ്.

## IV. Halting Degradation of natural resources
## Is there a role for rural Communities? By Jean-Marie Baland and Jean-Philippe Platteau. 1996 by FAO.

ആധുനിക സാമ്പത്തിക സിദ്ധാന്തം പ്രകൃതിവിഭവങ്ങൾ തമ്മിലുള്ള വ്യത്യസ്ത സവിശേഷതകളെ തിരിച്ചറിയാൻ സഹായിക്കുന്നു. അത് നേരിട്ട് ചോദ്യത്തിലെ പ്രശ്നത്തെ പ്രധാനപ്പെട്ടതാക്കുന്നു. ഒരു വിഭവം ക്ഷയിപ്പിക്കാവുന്നതാണെന്നു പറയാം, എങ്ങനെയെന്നുവച്ചാൽ ഒരു പ്രത്യേകരിതിയിൽ ആ വിഭവം ഉപയോഗിച്ചാൽ ഒരു നിശ്ചിത കാലയളവിനുള്ളിൽ കുറഞ്ഞുപോകുന്നതായി കാണാം. ഏത് പ്രകൃതിവിഭവവും ഒരു പക്ഷേ സൗരോർജ്ജം ഒഴികെ ബാക്കിയുള്ളതെല്ലാം ക്ഷയിക്കാവുന്നതോ ക്ഷയിപ്പിക്കാവുന്നതോ ആണ്. ഒരു പ്രകൃതിവിഭവത്തെ നവീകരിക്കപ്പെടാവുന്നതാണെന്നു പറയാം, എങ്ങനെയെന്നുവച്ചാൽ പ്രകൃതിവിഭവത്തെ ശരിയായ രിതിയിൽ വിനിയോഗിച്ചാൽ അതിന്റെ ഉറവിടം കാലങ്ങൾ കടന്നുപോയാലും ചുരുങ്ങുകയില്ലെന്നു കത്തൊനാകും. മത്സ്യവ്യവസായവും മണ്ണിന്റെ ഫലഭൂയിഷ്ടതയും എടുത്തുകാട്ടാവുന്നതും പുതുക്കിയെടുക്കാവുന്നതുമായ രു പ്രകൃതിവിഭവങ്ങളാണ്. ഒരു വിഭവം ഉത്പാദനത്തിന് ആവശ്യമായിരിക്കെ, ആ വിഭവത്തിന്റെ ഇല്ലായ്മയിൽനിന്ന് അവസാനം പുറത്തുവരുന്ന ഉല്പാദനത്തിന്റെ അളവ് പൂജ്യമായിരിക്കും. വിവിധ മാനേജ്മെന്റ് രീതികൾ ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നു്. അതോടൊപ്പംതന്നെ ഗ്രാമീണ ജനവിഭാഗങ്ങളുടെ പ്രകൃതി വിഭവസംരക്ഷണരിതികളെ വിമർശനാത്മകമായ തലത്തിൽ കാണാനും ശ്രമിക്കുന്നു.

**പ്രിസണേർസ് ഡിലെമാ**

രു കുറ്റവാളികൾ മാത്രമാണ് അവർ ചെയ്ത ഒരു കൊടിയ കുറ്റത്തിന്റെ സാക്ഷികൾ എന്നു കരുതുക. ഇവരിൽ ഒരാളെങ്കിലും കുറ്റസമ്മതം നടത്താതെ അധികാരികൾക്ക് ഒരിക്കലും അവരെ ശിക്ഷിക്കാൻ കഴിയില്ല. ഇത്തരമൊരവസ്ഥയിൽ അധികാരികൾ അവരെ പ്രത്യേകം പ്രത്യേകമായി ചോദ്യം ചെയ്യുന്ന ഒരു സാഹചര്യം ആലോചിക്കുക. രു കുറ്റവാളികൾ തമ്മിൽ ആശയവിനിമയം നടത്താനുള്ള എല്ലാ വഴികളും അടച്ചുകൊാവും ഈ ചോദ്യം ചെയ്യൽ. അധികാരികൾ ഓരോ കുറ്റവാളിയോടും പറയുന്നത് നിങ്ങൾ കുറ്റം ഏറ്റുപറഞ്ഞാൽ ശിക്ഷയുടെ അളവ് കുറയും എന്നായിരിക്കും. അഥവാ ഓരോരുത്തരോടും പറയുക നിങ്ങൾ കുറ്റം ഏറ്റുപറയാതിരിക്കുകയും മറ്റേയാൾ ഏറ്റു പറയുകയും ചെയ്താൽ, അപരന് ശിക്ഷയിൽ ഇളവ് ലഭിക്കുകയും, ഇയാൾക്ക് പരമാവധി ശിക്ഷ ലഭിക്കുകയും ചെയ്യുമെന്നായിരിക്കും. സ്വാഭാവികമായും പരസ്പരം ആശയവിനിമയത്തിന് സൗകര്യമില്ലാത്ത സാഹചര്യത്തിൽ രു കുറ്റവാളികളും കുറ്റം ഏറ്റുപറയും. അതായത് കുറ്റവാളികൾ അവരുടെ പൊതുതാല്പര്യം സംരക്ഷിക്കുന്നതിൽ പരാജയപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യും.

ഈ ഉദാഹരണം ചെറുസമൂഹങ്ങളുടെ പ്രത്യേകിച്ച് മൂന്നാംലോകരാജ്യങ്ങളിലെ ഗ്രാമീണസമൂഹങ്ങളുടെ പാരിസ്ഥിതിക സന്തുലനപ്രക്രിയയെയും പ്രകൃതിവിഭവങ്ങളുടെ ചൂഷണത്തെയും എങ്ങനെ സ്വാധീനിക്കുന്നു എന്നു നോക്കാം. ഉദാഹരണത്തിലെ രു

കുറ്റവാളികളും അവരുടെ പൊതുതാല്പര്യം ഹനിക്കുന്നത് പരസ്പരം ആശയവിനിമയം നടത്താൻ സാധിക്കാത്തതുകൊു മാത്രമാണ്. ചോദ്യം ചെയ്യപ്പെടുന്ന സമയത്ത് അവർക്ക് ആശയവിനിമയം നടത്താൻ കഴിയുന്ന ഒരുവസ്ഥയെക്കുറിച്ച് ആലോചിക്കുക. അവർ ഒരിക്കലും കുറ്റസമ്മതം നടത്തില്ല. ഗ്രാമീണജനത സ്വാഭാവികമായും ശരിയായ ആശയ വിനിമയത്തിലൂടെയും സഹകരണത്തിലൂടെയും പ്രകൃതിവിഭവങ്ങളുടെ ശരിയായ ചൂഷ ണത്തിലൂടെ പരിസ്ഥിതി സന്തുലനം നിലനിറുത്തിയിരുന്നു എന്നാണ് ഇതു കാണിക്കു ന്നത്.

ഒരു ചെറിയ സമൂഹത്തിനാണ് വലിയ സമൂഹത്തെക്കാൾ എപ്പോഴും പ്രകൃതിവിഭവങ്ങ ളുടെ ചൂഷണം ഫലപ്രദമായി നടത്താൻ കഴിയുക. ചെറുസമൂഹങ്ങളിൽ, ഒരു പൊതുന ന്മയ്ക്കായി അംഗങ്ങൾ ചെലവഴിക്കുന്ന സേവനത്തിന്റെ ഗുണം ഏറെക്കുറെ അതേ അള വിൽ അവർക്കു തിരികെ ലഭിക്കും. മൂന്നു കുടുംബങ്ങൾ മാത്രമുള്ള ഒരു ചെറുസമൂഹ ത്തിൽ, ഒരു പ്രത്യേക വിഭവം സംരക്ഷിക്കുന്നതിലൂടെ ഉാവുന്ന ഗുണത്തിന്റെ മൂന്നി ലൊന്ന് ഓരോ കുടുംബത്തിനും ലഭിക്കും. മാത്രമല്ല പുറത്തുനിന്നുള്ള ഒരിടപെടലും ഇല്ലാത്ത സാഹചര്യത്തിൽ (ഉദാഹരണത്തിലെ അധികാരികൾ) അവർക്ക് പരസ്പരം ആശയവിനിമയം നടത്താനും ഫലപ്രദമായ ഉടമ്പടികളിൽ എത്താനും സാധിക്കും.

**ജനങ്ങൾ പാരമ്പരാഗതമായി വിഭവ സംരക്ഷകരാണോ?**
**(Were people tradionally conservationists)**

1. പരമ്പരാഗത ഗ്രാമീണ ജനസമൂഹങ്ങളുടെ സംഘടനാസ്വഭാവം പഠിക്കുമ്പോൾ പ്രധാനമായും രു കാര്യങ്ങളിലുള്ള വ്യക്തത ആവശ്യമാണ്.
   (എ) വിതരണത്തിന്റെ പ്രശ്നം
   (ബി) വിഭവമാനേജ്മെന്റിന്റെ പ്രശ്നം.
   ഇതിൽ ആദ്യത്തേത് നിശ്ചലസ്വഭാവം ഉള്ളതാണ്. രാമത്തേത് സമയബന്ധിത മായ ഒന്നാണ്. വിതരണത്തിന്റെ പ്രശ്നം ആർക്കൊക്കെ ഇപ്പോഴുള്ള വിഭവങ്ങൾ ലഭിക്കണമെന്നും ആരൊക്കെയാണ് ഒഴിവാക്കപ്പെടേത് എന്നും തീരുമാനിക്കു മ്പോൾ വിഭവ മാനേജ്മെന്റ്, ഭാവിയിലെ വിഭവസഞ്ചിതനിധിയെ ഇപ്പോഴത്തെ വിളവെടുപ്പ് എങ്ങനെ ബാധിക്കും തുടങ്ങിയ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നു.

2. പരമ്പരാഗത ഗ്രാമീണ ജനസമൂഹങ്ങൾ അപ്പപ്പോൾ ഉയർന്നുവരുന്ന വിഭവവിത രണ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ അഗ്രഗണ്യരാണ്. പ്രത്യേകിച്ചും പ്രകൃതിവിഭവങ്ങൾ ഗോചരവും, കൃത്യമായി തിട്ടപ്പെടുത്താനും കഴിയുന്ന സാഹ ചര്യങ്ങളിൽ. എന്നാൽ പൊതുവെ കരുതപ്പെടുന്നതുപോലെ ഗ്രാമീണജനസമൂഹ ങ്ങൾ പരമ്പരാഗതമായി വിഭവസംരക്ഷകരായിരുന്നില്ല എന്നുവേണം അനുമാനി ക്കാൻ.

3. സംഘടിതപ്രവർത്തനങ്ങളിൽ ഉാവുന്ന പ്രശ്നങ്ങളാണ് ഗ്രാമീണ വിഭവ ദുർവി നിയോഗത്തിന്റെ മൂലകാരണം എന്നാണ് പൊതുവിലുള്ള ധാരണ. വിതരണപ്ര

ശ്നങ്ങളെ സമീപിക്കുമ്പോൾ ഗ്രാമീണ ജനസമൂഹത്തിന് കുറച്ചുകൂടി ക്രിയാത്മക സമീപനമാണുള്ളത് എന്നു കാണാം. പ്രകൃതിവിഭവങ്ങളുടെ നാശത്തെ വേ വിധം തടയാൻ ഗ്രാമീണ സമൂഹങ്ങൾക്ക് എന്തുകൊാണ് കഴിയാത്തത്? പരമ്പ രാഗത ഗ്രാമീണ ജനസമൂഹങ്ങൾ അവരുടെ പരിസ്ഥിതിയെയോ, പരിസ്ഥിതിയും സമൂഹവും തമ്മിലുള്ള ബന്ധത്തെയോ വേവിധം മനസ്സിലാക്കാതിരിക്കുന്നതാ ണ് (ആധുനികസമൂഹങ്ങളെപ്പോലെ) ഇതിനു കാരണം. അവർക്ക് ചുറ്റുപാടുമുള്ള പ്രകൃതിവിഭവങ്ങൾ ഏതോ അതീന്ദ്രിയശക്തിയുടെ സംഭാവനയാണ് എന്ന ധാരണ ശക്തമായിരുന്നു. അതുകൊുതന്നെ ഈ വിഭവങ്ങൾ അനന്തമാണ് എന്നവർ ധരിച്ചിരുന്നു. ചില അനുഭവങ്ങൾ തിരിച്ച് തെളിയിച്ചാലും, വിഭവശോഷണം തങ്ങ ളുടെ വിളവെടുപ്പ് രീതിയുടെ ദോഷഫലമായി കാണാൻ അവർ ഒരിക്കലും തയ്യാ റായിരുന്നില്ല. മറിച്ച് ദൈവത്തിന്റെയോ മറ്റുചില ശക്തികളുടെയോ ആഗ്രഹപ്ര കാരം വിഭവങ്ങൾ മറ്റൊരു സ്ഥലത്തേക്ക് മാറിപ്പോയതാണെന്നും യഥാർത്ഥത്തിൽ അവ നശിപ്പിക്കപ്പെട്ടതല്ലെന്നും അവർ വിശ്വസിച്ചു. എപ്പോൾ വേണമെങ്കിലും മാറി മാറിയാവുന്ന ഒരു താല്ക്കാലിക പ്രതിഭാസമായി വിഭവശോഷണത്തെ അവർ കു. ഇത്തരം മാന്ത്രികവിശ്വാസങ്ങൾ, പ്രകൃതി വിഭവങ്ങളെക്കുറിച്ചുള്ള ആധി കാരിക പഠനങ്ങൾ നടത്തുന്നതിൽ നിന്ന് അവരെ വിലക്കി. ചുരുക്കത്തിൽ വിഭവ മാനേജ്മെന്റിന്റെ കാര്യത്തിൽ ഗ്രാമീണ ജനസമൂഹങ്ങൾ പിന്നോക്കമായിരുന്നു എന്നു കാണാം.

4. ചില പാരിസ്ഥിതിക പ്രതിഭാസങ്ങളുടെ ഫലമായി (ഉദാ:-ഉഷ്ണമേഖലകളിലെ മത്സ്യസമ്പത്തിനെ ബാധിക്കുന്ന പ്രതിഭാസങ്ങൾ), വിളവെടുപ്പുകൾ എങ്ങനെയാണ് വിഭവങ്ങളുടെ നിക്ഷേപത്തെ ബാധിക്കുന്നത് എന്നതിൽ, ഉപയോക്താക്കൾക്കിട യിൽ മാത്രമല്ല വിദഗ്ധർക്കിടയിലും ശാസ്ത്രജ്ഞന്മാർക്കിടയിലും അവ്യക്ത നില നില്ക്കുന്നു്. ഇത്തരം സാഹചര്യങ്ങളിൽ വലിയ അളവിലുള്ള വിളവെടുപ്പുകൾ ദോഷം ചെയ്യും. ഇവിടെ, സർക്കാർ തലത്തിലുള്ള ഇടപെടലുകളിലൂടെ നിർണ്ണ യിക്കപ്പെടുന്ന ചില ഉപാധികൾ കൂടുതൽ ഗുണം ചെയ്യും. (ഉദാ:- കേരളത്തിലെ മൺസൂൺകാല ട്രോളിംഗ് നിരോധനം)

5. കൂടിവരുന്നതും, തുടർച്ചയുമായ പാരിസ്ഥിതികചൂഷണം പ്രകൃതിവിഭവങ്ങളിൽ ഉാക്കുന്ന സ്വാധീനം ഗ്രാമീണസമൂഹങ്ങൾ തിരിച്ചറിയുന്നു്. പക്ഷെ ഇത് വളരെ സാവധാനം സംഭവിക്കുന്ന ഒരു പ്രതിഭാസമാണ്. പ്രത്യേകിച്ചും വിഭവങ്ങളിൽ വ്യാ പകമായ കുറവു സംഭവിക്കുമ്പോൾ മാത്രം. മുൻകാല ദരിദ്രാവസ്ഥകൾ, പ്രകൃതി വിഭവചൂഷണത്തിന് ചില പരിധികൾ നിശ്ചയിക്കുന്നതിന് ഈ സമൂഹങ്ങളെ പ്രേരി പ്പിച്ചിട്ടു്. ഈ അവബോധം പ്രത്യേകിച്ചും പ്രാദേശികവും, ഗോചരവും പ്രവചന സ്വഭാവമുള്ളവയുമായ വിഭവങ്ങളിലാണ് കൂടുതൽ സംഭവിക്കുന്നത്. എന്നിരുന്നാലും പ്രകൃതി പ്രതിഭാസങ്ങളെക്കുറിച്ച് വർദ്ധിച്ചു വരുന്ന ഈ അവബോധം, പഴയ വിശ്വാ സങ്ങളിൽ മൗലികമായ മാറ്റങ്ങൾക്ക് പ്രേരിപ്പിച്ചിട്ടു്.

6. എന്നാൽ പാരിസ്ഥിതികപ്രശ്നങ്ങളെക്കുറിച്ചുള്ള അവബോധം ഉാക്കുന്നത് ദീർഘവും ബുദ്ധിമുട്ടേറിയതുമായ ഒരു പ്രതിഭാസമാണ്. അതുകാുതന്നെ പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കപ്പെടേവയാണെന്ന് തിരിച്ചറിയുന്നത് വളരെ വൈകിയായിരിക്കും. അതായത് വിഭവങ്ങൾ സമ്പൂർണ്ണമായോ ഭാഗികമായോ നശിപ്പിക്കപ്പെട്ടതിനുശേഷം. അതുകൊുതന്നെ പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കുന്നതിലൂടെ ലഭ്യമാകാവുന്ന ഗുണങ്ങൾ പരിമിതമായിരിക്കും. പ്രകൃതിയിൽ എന്താണ് സംഭവിക്കുന്നത് എന്നും, എന്താണ് ചെയ്യേത് എന്നുമുള്ള ധാരണ സാവധാനത്തിലുള്ളതും അപൂർണ്ണവുമാകുമ്പോൾ പ്രകൃതിവിഭവ നാശത്തിനുള്ള സാധ്യത വർധിക്കുന്നു. ഇത് ഏറ്റവും താഴെത്തട്ടിൽ വിഭവങ്ങളെക്കുറിച്ച് അവബോധമുാക്കേതിന്റെ ആവശ്യകതയിലേക്കാണ് വിരൽ ചൂന്നത്. പ്രകൃതിവിഭവങ്ങളുടെ സംരക്ഷണത്തിൽനിന്ന് ഗ്രാമീണസമൂഹങ്ങളെ പൊതുവായി തടയുന്നത് ഈ സംരക്ഷണത്തിൽ നിന്നു ലഭിക്കാവുന്ന ഗുണങ്ങളുടെ അഭാവമാണ് എന്ന് സാമ്പത്തിക ശാസ്ത്രകാരന്മാർ ഉൾപ്പെടെയുള്ളവർ വിശ്വസിക്കുന്നു. വിഭവനശീകരണത്തിൽ ജനങ്ങളുടെ പങ്കിനെക്കുറിച്ചും, ഗ്രാമീണതല പ്രകൃതിപ്രതിഭാസങ്ങളെക്കുറിച്ചും അനവധി സ്ഥലങ്ങളിൽ ഇപ്പോൾ നിലനില്ക്കുന്ന വിശ്വാസങ്ങൾപോലും അപര്യാപ്തമാണ് എന്ന് ചൂിക്കാണിക്കപ്പെടുന്നു. പാരിസ്ഥിതികമാറ്റങ്ങൾ ദ്രുതഗതിയിലുള്ളതാവുമ്പോൾ, ഗ്രാമീണ ജനങ്ങൾക്ക് പ്രകൃതിപ്രതിഭാസങ്ങളുടെ അന്തർധാരകളെ മനസ്സിലാക്കാനും ശരിയായ മാനേജ്മെന്റ് പരിഹാരങ്ങൾ രൂപീകരിക്കാനും പുറമേനിന്നുള്ള സഹായങ്ങൾ ഒഴിച്ചുകൂടാനാവാത്തതായിവരും.

## ചട്ടങ്ങളാൽ നിയന്ത്രിതമായ common property (Regulated common property)

സാധാരണക്കാരുടെ പ്രശ്നങ്ങളുടെ പരിഹാരവുമായി ബന്ധപ്പെട്ട ചർച്ചകളിൽ പൊതുസ്വത്ത് അവകാശവാദക്കാർ സ്വകാര്യവൽക്കരണത്തിന്റെ കാര്യക്ഷമതയുടെ നേട്ടങ്ങൾ മാത്രമല്ല, പൊതുസ്വത്ത് ക്രമീകരണത്തിന്റെ സാധ്യതകളും കൂടി നോക്കിക്കാണുന്നു്. മുന്നോട്ടുവയ്ക്കുന്ന വാദമുഖങ്ങളിൽ, ഒരു ചെറുഗ്രൂപ്പിനോ അഥവാ ഒരു സമൂഹത്തിനോ തന്നെ അവിടെയുള്ള വിഭവങ്ങളുടെ കാര്യത്തിലുള്ള നിയന്ത്രണം തീർച്ചയായും പരിഗണനാവിധേയമാകുമെങ്കിലും പ്രസ്തുതുവിഭവങ്ങളുടെ ഉപയോഗത്തിന്റെ കാര്യത്തിൽ ഒരു നിയന്ത്രണവും ഇല്ലാത്ത വസ്തുത പരിഗണിക്കപ്പെടാനില്ല. നിർവചിക്കപ്പെട്ട അഥവാ മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ഏകോദ്ദേശ്യമായ കേന്ദ്രീകൃത ഉപയോഗത്തിന് എതിരാണ് ഈ രീതി. ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ വിഭവങ്ങളുടെ പൊതു ഉടമസ്ഥതയുടെ നേട്ടങ്ങളും കോട്ടങ്ങളും തീരുമാനിക്കാൻ കഴിയൂ. ഇവിടെ ഓർമ്മിച്ചിരിക്കേ വസ്തുതയെന്തെന്നാൽ, ഗ്രാമീണ ജനസമൂഹത്തിനു മാത്രമായി ശാസ്ത്രീയമായും കാര്യക്ഷമതയോടെയും ഒരു പ്രത്യേക പ്രകൃതിവിഭവത്തെ നിയന്ത്രിക്കുന്നതിന് അനുവാദം കൊടുക്കുന്നതരത്തിലുള്ള നിയമങ്ങളോ ക്രമീകരണങ്ങളോ ഉാകത്തക്ക സാഹചര്യം നിലവിൽ വരണം. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ നിയന്ത്രിതമായ ഒരു ഗ്രൂപ്പിനു മേൽ സമൂഹസ്വത്തായ വിഭവങ്ങളുടെ ഉപയോഗത്തിന്റെ കാര്യത്തിൽ ഒരച്ചടക്കം ഏർപ്പെടുത്താവുന്നതാണ്. അങ്ങനെ കേന്ദ്രീകൃതമായ രീതിയിലുള്ള നിയന്ത്രണം

ഒരു പരിധിവരെ സാക്ഷാത്കരിക്കപ്പെടുകയും ചെയ്യും. അതുകൊ് ഈ രീതിയിലുള്ള സമൂഹസ്വത്തുഭരണത്തെ നിയന്ത്രിത പൊതു (സമൂഹ) സ്വത്ത് (വിഭവം) എന്ന് വിളിക്കാവുന്നതാണ്.

സമൂഹസ്വത്ത് അത് നിയന്ത്രിതമാണെങ്കിലും അല്ലെങ്കിലും സമൂഹം അതിന്റെ ഉപയോഗത്തിന്റെ കാര്യത്തിൽ ഒരു തട ഇട്ടതിന്റെ ഫലമായി പൊതുവിഭവങ്ങളെ ആർക്കും എങ്ങനെയും ഉപയോഗിക്കാം എന്നതിൽനിന്ന് വ്യത്യസ്തമായി നിശ്ചിത ആൾക്കാരിൽ നിശ്ചിതരീതിയിൽ ഉപയോഗിക്കപ്പെടണം എന്നായി മാറി. ആയതിനാൽ സമൂഹസ്വത്തവകാശത്തിന്റെ നിർബന്ധിതനടപ്പാക്കലിന് ഒരു സ്വകാര്യസ്ഥാപനത്തിന്റെ സംസ്ഥാപനചെലവിന് സമാനമായ ഒന്ന് അടങ്ങിയിരിക്കുന്നു. എങ്ങനെയൊക്കെയായാലും ഒരു സ്വകാര്യസ്വത്തിന്റെ സംസ്ഥാപനത്തെക്കാൾ കാര്യക്ഷമമായിട്ടായിരിക്കും സാമൂഹ്യവിഭവത്തിന്റെ സംസ്ഥാപനം. ബ്രൂസിന്റെയും ഫോട്ട്മാന്റെയും അഭിപ്രായത്തിൽ, ''ഒരു ബാഹ്യശക്തിയുടെ കൈയേറ്റത്തിൽനിന്ന് വിഭവങ്ങളെ സംരക്ഷിക്കുന്നതിൽ ഒരു വ്യക്തി വഹിക്കുന്ന പങ്കിനെക്കാൾ എന്തുകൊും നല്ലതാണ് ഒരു സമൂഹത്തിന്റെ സാമൂഹ്യവും ഭൗതികവുമായ സംയോജിത ശക്തി. മാത്രമല്ല സ്വകാര്യവിഭവത്തിന്റെ ഉപയോഗത്തെ പ്രതിരോധിക്കുന്നതിനെക്കാൾ ചെലവ് കുറവാണ് സാമൂഹ്യവിഭവത്തിന്റെ ഉപയോഗവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തേിവരുന്ന നിയന്ത്രണച്ചെലവ്.

സമൂഹവിഭവ ഉപയോഗത്തിന്റെ പരിധിയിൽ പ്രസ്തുതവിഭവം ഉപയോഗിക്കുന്ന ഉപയോക്താക്കൾ മാത്രമേ ഉൾപ്പെടൂ എന്നാണ് നാം ധരിച്ചിരുന്നത്. എന്നാൽ രാഷ്ട്രം തന്നെ പ്രബലമായ ഒരു ഉപഭോക്താവായിരിക്കെ നമ്മുടെ ധാരണ തെറ്റായിപ്പോകുന്നു. സാമൂഹ്യവിഭവങ്ങളുടെ ഉപയോഗത്തെ നിയന്ത്രിക്കുന്നതിന് ഏറ്റവും കാര്യക്ഷമമായത് സ്റ്റേറ്റ് ആണോ സമൂഹമാണോ അതോ ഒരു പ്രത്യേക ഏജൻസി ആണോ എന്നത് പ്രസക്തമായ ഒരു ചോദ്യമാണ്. ഈ സന്ദർഭത്തിൽ ഏറ്റവും നിർണ്ണായകമായ സ്ഥാനം കൈവരിക്കുന്നത് വിഭവവിവരം പ്രദാനം ചെയ്യൽ എന്ന ക്രീയയ്ക്ക് ആണ്. സാമൂഹ്യവിഭവത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിന്, അത്യാവശ്യ അധികാരങ്ങൾ നൽകിക്കൊുള്ള ഒരു പ്രത്യേക ഏജൻസിയായിരിക്കും അഭികാമ്യം. എന്നാൽ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കേതു്. പ്രസ്തുത ഏജൻസിക്ക് ലഭ്യമായ വിഭവങ്ങളെക്കുറിച്ചുള്ള മതിയായ വിവരം ഉായിരിക്കണം (ഉദാ: കടലിൽ പോയി മീൻ പിടിച്ച് ജീവിക്കുന്നവർ എത്ര? ആധുനിക സജ്ജീകരണങ്ങൾ ഉപയോഗിക്കുന്നവർ എത്ര?). ഇപ്പോഴത്തെ അതിന്റെ ഉപയോഗത്തെക്കുറിച്ച് ശരിയായ ധാരണ ഉായിരിക്കണം, അതിന്റെ ഉപഭോക്താക്കളെക്കുറിച്ച് വ്യക്തമായ ധാരണ ഉായിരിക്കണം. എങ്കിൽ മാത്രമേ ഇത്തരം ഒരു ഏജൻസിക്ക് വിജയപ്രദമായ രീതിയിൽ പ്രവർത്തിക്കാനാവൂ. അങ്ങനെയാണെങ്കിൽ മാത്രമേ ശരിയായ ഉപഭോക്താക്കളെ കത്തെി ശരിയായ ഫീസ് ചുമത്താൻ കഴിയൂ. ഇത്തരത്തിലുള്ള ഒരു നിയന്ത്രണം കാര്യക്ഷമമായ ഉപയോഗത്തിലുാക്കിയ പുരോഗതിയുടെ അടിസ്ഥാനത്തിൽ വരുമാനവർദ്ധനവിനും കാരണമാകും എന്നു കരുതാം. എന്നാൽ ഇവിടെ ഒരു ചോദ്യം ഉയർന്നുവരാവുന്നതാണ്. അതായത് ഇത്തരത്തിലുള്ള വിഭവവിനിയോഗ നിയന്ത്രണം വഴി ഓരോ ഗുണഭോക്താവിന്റെയും വരുമാനം വർദ്ധിക്കും എന്നതിനാൽ വീും ഇതിനെതിരെ ഭൂരിപക്ഷം പേരും നിൽക്കുമോ? ഈ ചോദ്യത്തിന് അനുകൂലമായ ഉത്ത

രത്തിലേക്ക് നയിക്കുന്ന രു വാദങ്ങൾ ു്. ആദ്യത്തേത് ഉത്തരവാദിത്ത വൈമുഖ്യത്തെ (risk aversion) അടിസ്ഥാനമാക്കിയുള്ളതും രാമത്തേത് സ്വകാര്യവിഭവങ്ങളുടെ വിവരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ അടിസ്ഥാനമാക്കിയുള്ളതുമാണ്.

നിലവിലുള്ള നേട്ടങ്ങളെ ശരിയായ ദിശയിലേക്ക് നയിക്കുന്നതിന് ലക്ഷ്യമാക്കിയുള്ള അനുയോജ്യമായ നികുതികളും, സബ്സിഡികളും വഴി സാമൂഹികവിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗം കൈവരിക്കാം. എന്നിരുന്നാലും വിവരങ്ങളുടെ ലഭ്യതയുടെ ആവശ്യകതയെ സംബന്ധിക്കുന്ന കാര്യങ്ങൾ പരിഹരിക്കുക എന്നത് ഏറെക്കുറെ കഠിനമായിരിക്കും. അത് നിയന്ത്രണ ഏജൻസിയുടെ രൂപത്തെയും സ്വഭാവത്തെയും ആശ്രയിച്ചിരിക്കും (കേന്ദ്രീകൃതമായതോ വികേന്ദ്രീകൃതമായതോ). ഒരു സ്റ്റേറ്റ് ഏജൻസിക്ക് സ്റ്റേറ്റിൽ ലഭ്യമായ വിഭവങ്ങളെക്കുറിച്ചും അതിന്റെ ഉപഭോക്താക്കളുടെ എണ്ണത്തെക്കുറിച്ചും ഉപഭോക്താക്കളെക്കുറിച്ചുള്ള മറ്റു വിവരങ്ങളും അറിയാമെങ്കിലും അവരുടെ സ്വഭാവത്തെ നിരീക്ഷിച്ച് വിലയിരുത്തുക എന്നത് ദുഷ്കരമായിരിക്കും. തൽഫലമായി നിയമം ലംഘിക്കാതിരിക്കാൻ സർക്കാർ ഉപഭോക്താക്കളുടെ മേൽ ഉയർന്ന തുക പിഴയായി ചുമത്തുകയും ഇത് അഴിമതിയിലേക്ക് നയിക്കുകയും ചെയ്യും. ആയതിനാൽ വികേന്ദ്രീകൃതമായ നിയന്ത്രണം ആയിരിക്കും അഭികാമ്യം എന്ന് മറ്റൊരു വാദമു്. ഇത് പ്രശ്നങ്ങളുടെ സങ്കീർണ്ണത ലഘൂകരിക്കും.

സമൂഹസ്വത്തിന്റെ നിയന്ത്രണം പരിഗണിക്കുമ്പോൾ അതിന്റെ വിതരണഫലങ്ങളെ ഒരിക്കലും അവഗണിക്കരുത്. സത്യത്തിൽ ചില സന്ദർഭങ്ങളിൽ വിഭവവിതരണ നിർവ്വഹണവുമായി ബന്ധപ്പെട്ട കരാറിൽ എത്തിച്ചേരാൻ പ്രയാസമാണ്. ഉപഭോക്താക്കൾ വ്യത്യസ്തരായതുകൊ് സഹകരണാടിസ്ഥാനത്തിലുള്ള പ്രശ്നപരിഹാരം സാധ്യമാവില്ല. എന്തുകൊന്നൊൽ ഏറ്റവും കുറച്ച് ഉപയോഗിക്കുന്നവർ അതിനെ എതിർക്കും. നിയന്ത്രണം നികുതിയുടെ രൂപത്തിൽ ഉള്ളതും അതിന്റെ പ്രക്രിയകൾ ത്വരിതപ്പെടുത്താൻ ഒരു ഏജൻസി ഉായിരിക്കുകയും ചെയ്യുന്ന പക്ഷം ചെറുകിട ഉപഭോക്താക്കൾ അനിയന്ത്രിത (un regulated) രീതിയെക്കാൾ കൂടുതൽ ദുരിതം അനുഭവിക്കും. ആയതിനാൽ വ്യതിരിക്തഘടകങ്ങളുടെ ആദ്യപാദ ഉപയോഗത്തിന് അപേക്ഷിക്കുന്നവരുടെ ആനുപാതികക്രമത്തിൽ ആക്കുന്നതാണ് ഉത്തമം. സ്വകാര്യവിഭവവിവരങ്ങളുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ നിലനില്ക്കുന്നതുകൊ് ചില ഏജന്റുകളെ അതൃപ്തിപ്പെടുത്താതെ കാര്യക്ഷമമായ വിഭാഗീകരണം സാധ്യമല്ല. അനിയന്ത്രിതമായ രിതി നടപ്പിലാക്കുന്ന സാഹചര്യവുമായി താരതമ്യം ചെയ്യുമ്പോൾ ഇവിടത്തെ കാര്യക്ഷമതയുടെ സൂചിക (pareto) പാരറ്റോ മാനദണ്ഡത്തെ സാധൂകരിക്കുന്നില്ല.

വ്യത്യസ്തങ്ങളായ സമൂഹസ്വത്ത് അവകാശരീതികളെക്കുറിച്ചുള്ള ചർച്ചയും ഗ്രാമീണതലത്തിലുള്ള പ്രകൃതിവിഭവങ്ങളുടെ ചൂഷണംചെയ്യലും പൊതുവെ അംഗീകരിക്കപ്പെട്ടതാണ്. ഇത് ഏറെക്കുറെ അമിതോപയോഗത്തിന് സമാനമാണ്. ഇതര തൊഴിൽസാധ്യതകളുടെ അഭാവമാണ് സമൂഹസ്വത്തവകാശത്തിന്റെ സാധ്യതകളിലേക്കുള്ള അനുകൂലമായ ചർച്ചകളിലേക്ക് വഴിതെളിച്ചത്.

## ചട്ടങ്ങളാൽ നിയന്ത്രിതമല്ലാത്ത Common Property (Unregulated Common Property)

സാധാരണക്കാരുടെ ദുരന്തം യഥോചിതമല്ലാത്ത അശുഭപ്രതിക്ഷകളുടെ കഥയാണെന്ന് സമർത്ഥിക്കത്തക്കരീതിയിൽ സൈദ്ധാന്തികമായ വ്യാഖ്യാനങ്ങൾ മുന്നോട്ടുവയ്ക്കാം. പ്രാദേശികപൊതുസ്വത്ത് അവകാശങ്ങളെ സാവധാനത്തിലുള്ള നശീകരണത്തിലേക്ക് നയിക്കുന്ന തലതിരിഞ്ഞ സന്തുലനത്തിൽ നിന്ന് ഏജന്റുകളെ രക്ഷപ്പെടാൻ അനുവദിക്കുന്ന രീതിയിൽ നിലനില്ക്കുന്ന വികേന്ദ്രീകൃത സമ്പ്രദായത്തിലാണ് പ്രസ്തുത വ്യാഖ്യാനങ്ങൾ നിലനില്ക്കുന്നത്.

പാരറ്റോയുടെ കാര്യക്ഷമതാമാനദണ്ഡം കൈവരിക്കുന്നതിനുവേി ഏജന്റുമാർ ചർച്ച ചെയ്ത് പരസ്പരധാരണയിൽ എത്തുമെന്ന് തന്റെ പ്രശസ്തമായ ഒരു ലേഖനത്തിൽ കോസ് പ്രതിപാദിക്കുന്നു. അദ്ദേഹത്തിന്റെ വിശകലനം അടങ്ങുന്നത് ഒരു പ്രയോജനത്തിന്റെയും അതിന്റെ ശരിപ്പെടുത്തലിന്റെയും അന്യോന്യമായി സംഭവിച്ച കോട്ടങ്ങളുമായി ബന്ധപ്പെടുത്തിയാണ്. ‘‘അന്യോന്യസ്വഭാവമുള്ള ഒരു പ്രശ്നത്തെയാണ് നാം അഭിമുഖീകരിക്കുന്നത്. ഒന്നിന്റെ ഹാനി ഇല്ലാതാക്കാൻ മറ്റൊന്നിന് ഹാനി ഉാക്കുക.” യഥാർത്ഥ പ്രശ്നമെന്ന് പറയുന്നത് ‘ബി’ക്ക് ഹാനിയുാക്കാൻ ‘എ’യെ അനുവദിക്കണമോ അതോ ‘എ’ക്ക് ഹാനിയുാക്കാൻ ‘ബി’യെ അനുവദിക്കണമോ. സ്വീകരിക്കാവുന്ന മറ്റൊരു വഴി ഏറ്റവും കൂടുതൽ ഹാനികരമായതിനെ ഒഴിവാക്കുക എന്നതാണ്. ആയതിനാൽ സാമൂഹ്യകാര്യക്ഷമത കൈവരിക്കുന്നതിന് സർക്കാരിന്റെ ഇടപെടൽ ആവശ്യമേയില്ല. സാമൂഹ്യമായി അനുഭവിക്കേിവരുന്നതിനെക്കുറിച്ച് (ഒരു സമൂഹം വഹിക്കേിവരുന്നതിനെക്കുറിച്ച്) കോസ് മുന്നോട്ടു വച്ചിട്ടുള്ള സിദ്ധാന്തം ഒരുപാട് വ്യത്യസ്തമായ രീതികളിൽ വ്യാഖ്യാനിക്കപ്പെട്ടിട്ട്. ഇടപെടുന്ന പങ്കാളികൾ സ്വമേധയാ നടത്തുന്ന കൂടിയാലോചനകളും നീക്കുപോക്കുകളും ഏറ്റവും കാര്യക്ഷമമായ ഫലപ്രാപ്തിയിലാണ് എത്തിയിട്ടുള്ളത് എന്നാണ് അദ്ദേഹത്തിന്റെ സിദ്ധാന്തത്തിന്റെ ചുരുക്കം. താഴെ പ്രതിപാദിക്കുന്ന ദൂരവ്യാപകമായ കാര്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

1. മാർക്കറ്റ് അപൂർണ്ണമാണെങ്കിൽ പങ്കാളികളായ ജനങ്ങൾ കൂടിയാലോചനയിൽ ഏർപ്പെടുകയും പരിണതഫലം കാര്യക്ഷമമായിരിക്കുകയും ചെയ്യും.
2. സർക്കാർ ഇടപെടലിന്റെ ആവശ്യമേയില്ല.
3. ഈ ഫലം ആദ്യം ഏല്പിക്കപ്പെട്ട അവകാശങ്ങളിൽ നിന്ന് ഉായതിനെക്കാൾ തീർത്തും സ്വതന്ത്രമായിരിക്കും.

ബാധ്യതകൾ അഥവാ നേട്ടങ്ങൾ ഉൾക്കൊിട്ടുള്ള സാമൂഹ്യപ്രസക്തമായ ഏതു കാര്യവുമായും ബന്ധപ്പെടും. പ്രസ്തുതനിയമം (കോസ്) ഉപയോഗപ്പെടുത്താവുന്നതാണ്. സാധാരണയായി നിയമം വഴിയുള്ള ഔപചാരികമായ കൂട്ടായ ഇടപെടൽ ആവശ്യം ഇല്ല എന്ന അർത്ഥത്തിലാണ് നാം ഇതിനെ പരിഗണിക്കുന്നത്. സാങ്കേതികമായ കാരണങ്ങളാൽ നഷ്ടപ്പെടുന്ന മാർക്കറ്റുകളെ ഇടപെടുന്ന പങ്കാളികളായ ഏജന്റുമാരുടെ കൂടിയാലോചനകൾ വഴിയും നീക്കുപോക്കുകൾ വഴിയും നികത്തിയെടുക്കാറ്.

## കോ-മാനേജ്മെന്റ്:- പൊതുസ്വത്ത് വിഭവങ്ങളുടെ നിയന്ത്രണത്തിന് ഒരു പുതിയ കാഴ്ചപ്പാട്

പരമ്പരാഗത പ്രകൃതിവിഭവ മാനേജ്മെന്റിലേക്ക് മടങ്ങിപ്പോകുന്നതിനു പകരം, വിഭവവികസനപ്രക്രിയയിൽ സാർതഥകമായ ജനകീയപങ്കാളിത്തമാണാവശ്യം എന്ന് സമീപകാല സാമൂഹിക-നരവംശശാസ്ത്ര പഠനങ്ങൾ ചൂിക്കാട്ടുന്നു. വിഭവനിയന്ത്രണത്തിലുള്ള വികേന്ദ്രീകരണവും, ഗ്രാമീണകുടുംബങ്ങളുടെ ഊർജസ്വലമായ പങ്കാളിത്തവും പരമപ്രാധാന്യമർഹിക്കുന്നു. എന്നാൽ ഗ്രാമീണസമൂഹങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങളിൽ ഉാകാവുന്ന പരിമിതികളുടെ വെളിച്ചത്തിൽ സ്റ്റേറ്റിന്റെ വിമർശനാത്മകമായ പങ്കിന്റെ പ്രാധാന്യം ഒരുതരത്തിലും കുറയുന്നില്ല എന്ന് പ്രത്യേകം ഓർക്കേതു്.

അതുകൊുതന്നെ ഒരു ഉപയുക്ത സമൂഹ കാഴ്ചപ്പാട്, വിഭവ മാനേജ്മെന്റിൽ സ്റ്റേറ്റിന്റെ ഉത്തരവാദിത്വത്തെ കുറയ്ക്കാനുള്ള വ്യക്തമായ കാരണമാവുന്നില്ല. യഥാർത്ഥ ശ്രദ്ധ പതിയേത് സ്റ്റേറ്റിന്റെ ഇടപെടലിനെ പുനർനിർമ്മിക്കുകവഴി ഭരണകൂടവും ഉപയുക്താക്കളും തമ്മിലുള്ള ബന്ധത്തെ സ്ഥാപനവൽക്കരിക്കുകയും അതുവഴി വിഭവനിയന്ത്രണ കാര്യങ്ങളിൽ പരസ്പരം വില്ലന്മാരായി കാണുന്ന ഉല്പാദനക്ഷമമല്ലാത്ത സാഹചര്യങ്ങൾക്ക് അറുതിവരുത്തുകയുമാണ്. ഗ്രാമീണ ജനവിഭാഗങ്ങൾ, ഭരണപ്രതിനിധികളെ അവിശ്വാസത്തോടും, അസഹിഷ്ണുതയോടും കാണുന്നത് മൂലം വിചാരിച്ചതിന് വിരുദ്ധമായ ഫലങ്ങൾ ഉായതിന് ധാരാളം ഉദാഹരണങ്ങൾ ചൂിക്കാട്ടാനാകും. ഒരു പരിധിവരെ ഇതിനു കാരണം ഗ്രാമീണജനവിഭാഗങ്ങൾ നിയമലംഘനം നടത്തുന്നതും, അവർക്ക് ഉദ്ദേശശുദ്ധി മനസ്സിലാവാത്ത പല പരിപാടികൾക്കും തടസ്സം നില്ക്കുന്നതും കൊാണ്. നിയമങ്ങളും, പരിപാടികളും വേവിധത്തിൽ അവരുടെ പ്രശ്നങ്ങളെയും പ്രതിസന്ധികളെയും അഭിസംബോധന ചെയ്യുന്നില്ല എന്ന തോന്നലുാവുമ്പോഴാണ് പ്രധാനമായും നിയമലംഘനവും പരിപാടി തടസ്സപ്പെടുത്തലും ഉാവുന്നത്.

ഉപയുക്തവിഭാഗങ്ങളെ, വിഭവസംരക്ഷണതന്ത്രങ്ങൾ രൂപപ്പെടുത്തുന്ന ഘട്ടം മുതൽ, ബന്ധപ്പെടുത്താൻ സർക്കാരുകൾ ശ്രദ്ധിക്കുന്നതിലൂടെ മാത്രമേ കോ-മാനേജ്മെന്റ് പദ്ധതി ഫലപ്രദമാകൂ. പ്രകൃതിവിഭവങ്ങളുടെ നിയന്ത്രിതവും, സൂക്ഷ്മവുമായ ഉപയോഗത്തിലൂടെ എന്തൊക്കെയാണ് ലക്ഷ്യമിടുന്നത് എന്നും എന്തൊക്കെ ഗുണങ്ങളാണ് അതുമൂലം ലഭിക്കുക എന്നും ഗ്രാമീണവിഭാഗങ്ങളെ കൃത്യമായി മനസ്സിലാക്കിക്കാനുള്ള ശ്രമങ്ങളും അനിവാര്യമാണ്. പങ്കാളികൾ തമ്മിലുള്ള വിശ്വാസ്യതയാണ് ഏറ്റവും പ്രധാനം. ഗ്രാമീണവിഭവ ഉപയുക്താക്കളും സ്റ്റേറ്റും തമ്മിൽ നിലനില്ക്കുന്ന ആഴത്തിലുള്ള അവിശ്വാസ സംസ്കാരത്തിന്റെ വെളിച്ചത്തിൽ, പ്രാദേശിക-അന്തർദ്ദേശീയ ഏജൻസികൾക്ക് കോ-മാനേജ്മെന്റ് ചട്ടക്കൂട്ടിൽ ചില ക്രിയാത്മകപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനാകും. ഉപയുക്തസമൂഹങ്ങളിൽ സംഘശക്തിയുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിൽ മാത്രമല്ല, കാലക്രമത്തിൽ സർക്കാരിലുള്ള അവിശ്വാസത്തിന്റെ അകലം കുറയ്ക്കുന്നതിലും അവർക്ക് നിർണ്ണായക പങ്ക് വഹിക്കാനാവും.

സർക്കാരും ഉപയുക്തവിഭാഗങ്ങളും തമ്മിലുള്ള കൊടുക്കൽ വാങ്ങൽ ബന്ധം എങ്ങനെ യായിരിക്കണം എന്നതിന് ചില നിരീക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

1. സർക്കാരിന് അതിന്റെ വിപുലമായ സൗകര്യങ്ങൾ ഉപയോഗിച്ച് ഉപയുക്തസമൂഹ ങ്ങളെ താഴെപ്പയുന്ന രിതികളിൽ സഹായിക്കാനാവും.

എ. സമീപ ദശകങ്ങളിൽ പ്രകൃതിയിലുായ വൻമാറ്റങ്ങളെക്കുറിച്ച് കൂടുതൽ അറി യാൻ അവരെ സഹായിക്കുക.

ബി. ഇപ്പോൾ സംഭവിച്ചുകൊിരിക്കുന്ന പാരിസ്ഥിതിക അസന്തുലിതാവസ്ഥകൾക്ക് ശരിയായ പ്രതിവിധികൾ ഉ് എന്നവരെ ബോദ്ധ്യപ്പെടുത്തുക.

സി. ഗ്രാമീണവിഭവങ്ങളുടെ സംരക്ഷണത്തിനും ആരോഗ്യകരമായ ചൂഷണത്തിനും ഉത കുന്ന പുതിയ രീതികൾ ആവിഷ്കരിക്കുക.

ഡി. ഈ പുതിയ പരിഷ്കാരങ്ങളുടെ പ്രയോഗവും സാധ്യതയും വിലയിരുത്തുക.

2. വിഭവചൂഷണത്തിന്റെ അടഞ്ഞ വഴികൾക്കുപകരം, വിഭവസംരക്ഷണത്തിന്റെ തുറന്ന രീതികൾ സ്വീകരിക്കാൻ ഗ്രാമീണസമൂഹങ്ങളെ പ്രേരിപ്പിക്കാൻ ഉതകുന്നവിധത്തി ലുള്ള സാമ്പത്തികാനുകൂല്യങ്ങൾ ഏർപ്പെടുത്തുക.

3. ഗ്രാമീണവിഭവമാനേജ്മെന്റ് സംവിധാനങ്ങളെ സഹായിക്കാൻ പ്രാദേശിക അതിർത്തി അവകാശങ്ങൾ സ്ഥാപിക്കുകയും, അതിന് നിയമപരമായ പരിരക്ഷ നല്കുകയും ചെയ്യുക. ഇതുവഴി ഗ്രാമീണസ്ഥാപനങ്ങളുടെ അസ്തിത്വവും, അവ കാശങ്ങളും നിയമപരമായി സ്ഥാപിക്കുകയും, വിഭവങ്ങളുടെ അവസാന അധി കാരം സർക്കാരിൽ നിക്ഷിപ്തമാക്കുകയും ചെയ്യുക. വിഭവമാനേജ്മെന്റ് പദ്ധതി കളുടെ വിജയത്തിന്, ഒരു നിശ്ചിതപ്രവർത്തനമേഖലയിൽ അയൽസമൂഹങ്ങളു ടെയും വെളിയിൽ നിന്നുള്ളവരുടെയും കടന്നുകയറ്റത്തിൽനിന്നുള്ള നിയമപരമായ സംരക്ഷണം അത്യന്താപേക്ഷിതമാണ് എന്നത് ഇവിടെ പ്രസക്തമാണ്. കൂടാതെ ഗ്രാമീണ വിഭവങ്ങളിൽ വൻകിടശക്തികളുടെയും, മറ്റ് സാമ്പത്തിക മേഖലകളു ടെയും കടന്നുകയറ്റത്തിൽനിന്നുള്ള സംരക്ഷണവും ആവശ്യമാണ്. ഉദാഹരണ മായി തീരദേശ മത്സ്യബന്ധനസമൂഹങ്ങൾ വ്യാവസായിക മലിനീകരണം, തുറ മുഖം നികരൽ, വിനോദസഞ്ചാരികളുടെ കടന്നുകയറ്റം എന്നിങ്ങനെയുള്ള പ്രശ്ന ങ്ങൾ അഭിമുഖീകരിക്കുന്നവരാണ്. ഇത്തരം പ്രശ്നങ്ങൾ നേരിടാൻ അവർക്ക് സ്വാ ഭാവികമായും സർക്കാർ സഹായം ആവശ്യമായി വരും.

4. ര് സമൂഹങ്ങൾ തമ്മിലുള്ളതോ, ഒരു സമൂഹത്തിനുള്ളിൽ തന്നെയുള്ളതോ ആയ തർക്കങ്ങൾ പരിഹരിക്കാനാകാതെ വരികയും, നിയമപരമായ വഴികളിലേക്ക് തർക്കം നീളുകയും ചെയ്താൽ അടിസ്ഥാനതർക്ക പരിഹാര സഹായങ്ങൾ സ്റ്റേറ്റ് നല്കണം. വിവിധ മേഖലകൾ തമ്മിൽ തർക്കങ്ങൾ ഉടലെടുക്കുമ്പോഴും സർക്കാർ ഇടപെടൽ ആവശ്യമായി വരുന്നു. (ഉദാ: പ്രധാന മത്സ്യബന്ധന മേഖലകൾ മലി നീകരിക്കപ്പെടുന്ന സാഹചര്യം)

5. വികേന്ദ്രീകൃത സൂചനാ സംവിധാനങ്ങൾക്ക് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ചെയ്യാൻ സർക്കാർ സംവിധാനങ്ങൾക്ക് കഴിയും. (ഉദാ:- ചെലവേറിയ തീരദേശ പെട്രോളിംഗ് ബോട്ടുകൾ വാങ്ങുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള സഹായം)

6. സ്വകാര്യസംഘാടകർക്കിടയിൽ മത്സരം പ്രോത്സാഹിപ്പിച്ചും, ഏറ്റവും ആരോഗ്യകരമായ ഉത്പാദനരീതികളെയും, തൊഴിൽനിയമങ്ങളെയും സംബന്ധിച്ചുള്ള വിവരങ്ങൾ കൈമാറിയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിൽ സർക്കാരിന് ഗുണപരമായി ഇടപെടാനാവും.

ഗ്രാമീണ സമൂഹങ്ങൾക്ക് കോ-മാനേജ്മെന്റിൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്ന ഘടകങ്ങൾ താഴെപ്പയുന്നവയാണ്.

1. സമീപകാല പാരിസ്ഥിതിക പ്രശ്നങ്ങൾ ശ്രദ്ധിക്കാതിരിക്കുകയോ, തെറ്റായി ധരിക്കുകയോ ചെയ്തേക്കാമെങ്കിലും തങ്ങളുടെ പാരിസ്ഥിതിക സ്ഥിതിഗതികളെക്കുറിച്ച് ഗ്രാമീണസമൂഹങ്ങൾക്ക് നല്ല ധാരണയുാവും.

2. അവരുടെ ചെറു സമൂഹങ്ങളെ നിർണ്ണയിക്കുന്ന പ്രശ്നങ്ങളെയും, പ്രതിസന്ധികളെയും നേരിടാനുതകുന്ന പ്രാദേശിക സാങ്കേതികവിദ്യ സാമ്പത്തികവും, സാമൂഹികവുമായ അന്തരീക്ഷം എന്നിവയെക്കുറിച്ച് അവർക്ക് നല്ല ധാരണയുാവും. അതുപോലെ പുതിയ വെല്ലുവിളികളെ നേരിടാൻ ഉതകുന്ന സാംസ്കാരിക പിൻബലവും അവർക്കു്. അങ്ങനെ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്ന സർവ്വസമ്മതരായ പ്രാദേശിക നേതാക്കളുടെ കീഴിൽ ഉപയുക്താക്കൾക്കിടയിൽ സാർവ്വത്രികമായി അംഗീകരിക്കപ്പെടാവുന്ന നിയമങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ, പ്രമാണങ്ങൾ ഇവ രൂപപ്പെടുത്താൻ അവർക്ക് എളുപ്പം കഴിയുന്നു. മാത്രമല്ല പ്രാദേശികമായി രൂപപ്പെടുന്ന ഇത്തരം നിയമങ്ങൾ പലതവണ പരീക്ഷിച്ച് തിരുത്തപ്പെടുന്നവയായതുകൊ്, പ്രാദേശിക അന്തരിക്ഷത്തിന് യോജിക്കുന്നതും, ബന്ധപ്പെട്ട ജനവിഭാഗങ്ങൾക്ക് ഏറ്റവും സ്വീകാര്യമായതും ആയിരിക്കും.

3. ചെറിയ സമൂഹങ്ങളാകയാൽ മാറിവരുന്ന സാഹചര്യങ്ങളിൽ നിയമങ്ങളും, നിർദ്ദേശങ്ങളുമായി എളുപ്പം പൊരുത്തപ്പെടാൻ അവർക്കു കഴിയുന്നു.

4. പരമ്പരാഗത സംഘർഷനിയന്ത്രണ സംവിധാനങ്ങളിലുള്ള അവരുടെ പരിജ്ഞാനം വിവിധ വിഭാഗങ്ങൾ തമ്മിലുള്ള സംഘർഷങ്ങളെ അപ്പപ്പോൾ പരിഹരിക്കാൻ സഹായിക്കും എന്നതിനു പുറമേ വ്യക്തികൾ തമ്മിലുള്ള സംഘർഷങ്ങൾ പരമാവധി കുറയ്ക്കാനും അവരെ സഹായിക്കുന്നു.

5. ഉപയുക്താക്കൾക്കിടയിലുള്ള സ്വയം നിയന്ത്രണസംവിധാനം, കേന്ദ്രീകൃത സംവിധാനങ്ങളെക്കാൾ വലിയൊരളവിൽ ചിലവു കുറഞ്ഞതാണ് എന്ന ഗുണമു്

## V. We dare the waters, the world and the world view of Mukkuvar (P.T. Mathew, Department of Christian Studies, University of Madras, 2001)

വിഴിഞ്ഞം പ്രാഥമികമായി ഒരു മത്സ്യബന്ധനകേന്ദ്രമാണ്. വിഴിഞ്ഞം ഗ്രാമത്തിന്റെ വട ക്കുഭാഗത്ത് മുസ്ലീം മത്സ്യത്തൊഴിലാളികളും തെക്കുഭാഗത്ത് ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളും താമസമുറപ്പിച്ചിട്ടു്. മത്സ്യകച്ചവടവുമായി ബന്ധപ്പെട്ടവരാണ് ഇവിടെ കൂടുതലും. മത്സ്യബന്ധനം ഉപജീവനമാക്കിയവർ, ലേലക്കാർ, കൊഞ്ചും കണ വയും വില്ക്കുന്ന ചെറുകിട കച്ചവടക്കാർ, തലച്ചുമടിൽ മത്സ്യവിപണനം നടത്തുന്നവർ, പള്ളി നിയോഗിച്ചിട്ടുള്ള നികുതിപിരിവുകാർ, ഐസ് വില്ക്കുന്നവർ, മണ്ണെണ്ണയും ഓയിലും വില്ക്കുന്നവർ, പ്ലൈവുഡ് വള്ളങ്ങളുടെയും ഔട്ട്ബോർഡ് എൻജിന്റെയും തകരാറുകൾ ശരിയാക്കുന്നവർ തുടങ്ങി ഒട്ടനവധിപേർ ഇവിടെ പണിയെടുക്കുന്നു. പിടി. മാത്യുവിന്റെ പഠനം ഈ കാര്യര്യങ്ങളിലല്ല ഊന്നൽ നൽകിയരിക്കുന്നത്. മത്സ്യത്തൊഴി ലാളി സമൂഹത്തിന്റെ ചരിത്രപരവും സാമൂഹികവും സാമ്പത്തികപരവുമായ കാര്യങ്ങ ളെക്കുറിച്ച് പരാമർശിക്കുന്നുങ്കെിലും പ്രധാനമായും പഠിക്കാൻ ശ്രമിച്ചിരിക്കുന്നത് ഇവരുടെ ആഴത്തിലുള്ള മതവിശ്വാസത്തെപ്പറ്റിയാണ്. മത്സ്യത്തൊഴിലാളിസമൂഹങ്ങളുടെ മതാത്മകമായ പ്രതിഭാസത്തെ വിഴിഞ്ഞത്തെ മുക്കുവരെ മുൻനിറുത്തിയാണ് നോക്കി ക്കാണാൻ ശ്രമിക്കുന്നത്.

ഈ പുസ്തകത്തിന്റെ മുഖവുരയിൽ ഗ്രന്ഥകർത്താവ് വിഴിഞ്ഞത്തെ മുക്കുവരുടെ ജീവി തവും മതവും തമ്മിലുള്ള ബന്ധത്തെ നോക്കിക്കാണുന്ന ഭാഗം ദാർശനികമായ മാന ത്തിലേക്ക് വിരൽ ചൂന്ന ഒന്നാണ്. ''മുക്കുവരുടെ ജീവിതത്തിൽ മതം വഹിക്കുന്ന ദ്വി മുഖവേഷം നമുക്ക് തമ്മിക്കളയാനാവില്ല. വിധിയിലേക്ക് ഒതുങ്ങുന്ന തരത്തിൽ നിഷ്ക്രി യവും ജഡവുമായ ഒരു മാനസിക അവസ്ഥയിലേക്ക് അവർ പിൻവലിയുന്നതിന്റെ വേരു കൾ മതവിശ്വാസത്തിൽ കാണാൻ കഴിയും. അതേസമയം കടലുമായി മല്ലടിക്കാനുള്ള ധൈര്യവും അടിച്ചമർത്തലുകളെ ചെറുക്കാനുള്ള ചോദനയും അവർക്ക് പ്രധാനം ചെയ്യു ന്നത് മതവിശ്വാസമത്രേ. പരസ്പരവിരുദ്ധമായ ഈ ഘടകമാണ് ഈ പഠനത്തെ ഉത്തേ ജിപ്പിക്കുന്നത്. ദൈവശാസ്ത്രവും മറ്റ് സാമൂഹ്യശാസ്ത്രങ്ങളും തമ്മിലുള്ള വിടവ് ഇപ്പോഴും നിലനില്ക്കുന്നു്. യുക്തിഭദ്രമായ തത്വചിന്തയാൽ പരിപോഷിപ്പിക്കപ്പെട്ട ദൈവശാസ്ത്രത്തിന് മുക്കുവരുടെ മൂർത്ത ജീവിതസാഹചര്യങ്ങളുമായി പൊരുത്തപ്പെ ട്ടുപോകാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. വിഘടിതമായ പ്രത്യയശാസ്ത്രരൂപങ്ങൾ എന്ന തിനപ്പുറം സാമൂഹ്യശാസ്ത്രവും ദൈവവശാസ്ത്രവും ഒരേ ലക്ഷ്യം ലാക്കാക്കി പ്രവർത്തി ക്കുന്ന ഒഴിച്ചുകൂടാനാവാത്ത സഹപ്രവർത്തകരാകേ സമയം അതിക്രമിച്ചിരിക്കുന്നു. മനുഷ്യർ നേരിടുന്ന വൈരുദ്ധ്യങ്ങളോടും വെല്ലുവിളികളോടും കാര്യക്ഷമമായി പ്രതിക രിക്കാൻ ഇത്തരത്തിലുള്ള ശ്രമങ്ങൾ അനിവാര്യമാണ്.''

കേരളത്തിലെ മുക്കുവർ ജാതിവ്യവസ്ഥയുടെ ഓരങ്ങളിലാണ് ജീവിച്ചത്. ഒരിക്കലും പൊതുധാരയിൽ ഉൾച്ചേർക്കപ്പെട്ടിരുന്നില്ല. മത്സ്യബന്ധനം ഒരു തൊഴിൽ എന്ന നിലയ്ക്കും പൊതുധാരാസമൂഹം മാന്യത കല്പിച്ചിരുന്നില്ല. ജാതിപരമായി മുക്കുവർ അവരുടെ

തൊട്ടടുത്തുനില്ക്കുന്ന പരവാസിനെയും ഷാനാസിനെക്കാളും താഴെയായിരുന്നു. അതിനാൽ നൈതൽ മതത്തിൽ നിന്നും ക്രിസ്ത്യൻ മതത്തിലേക്കുള്ള മാറ്റം ഇവർക്ക് ഹൃദയഭേദകമായ ഒരനുഭവമായിരുന്നില്ല. മുക്കുവരുടെ സാമൂഹ്യസ്വത്വവും സാമൂഹ്യപദവിയും കണക്കിലെടുക്കുമ്പോൾ അവർക്ക് മതംമാറ്റത്തിലൂടെ നഷ്ടപ്പെടാൻ ഒന്നുമുായിരുന്നില്ല. പോർട്ടുഗീസുകാർ ആസൂത്രിതമായി നൈതൽമതത്തിന്റെ ഘടകങ്ങളെ നശിപ്പിക്കുകയും പകരമായി കത്തോലിക്കാമതത്തെ സ്ഥാപിക്കുകയും ചെയ്തു. ഇവിടത്തെ മതപരിവർത്തനത്തിന് ഗോവിയിലേതുപോലെ ക്രൂരമായ മുഖം ഉായിരുന്നില്ല. തിരുവിതാംകൂറിലെ രാഷ്ട്രീയത്തിന്റെയും സൈന്യത്തിന്റെയും സ്വതന്ത്രസ്വഭാവമായിരുന്നു കാരണം. മതംമാറിയെങ്കിലും അവരുടെ നൈൽമതത്തിലുള്ള വിശ്വാസം നിലനിന്നിരുന്നതായി കാണാൻ കഴിയും.

മത്സ്യത്തൊഴിലാളി-ജനവിഭാഗങ്ങൾ അവരുടെ മതപരമായ ബന്ധംകൊ് ഹിന്ദുവോ, മുസ്ലീമോ, ക്രിസ്ത്യാനിയോ ആയിരിക്കാം. എങ്കിലും അവരുടെ അനുഭവങ്ങളിൽനിന്നും ജീവിതത്തിന് അർത്ഥംകൊടുക്കുന്ന മനോഭാവത്തെ മേൽസൂചിപ്പിച്ച മതപരമായ തരംതിരിവുകളിലേക്ക് ചുരുക്കാനാവില്ല. വിഴിഞ്ഞം കടലോരത്തെ ഒരു ക്രിസ്ത്യാനിയും പടിഞ്ഞാറെ യൂറോപ്പിലെ ഒരു ക്രിസ്ത്യാനിയും മധ്യആഫ്രിക്കയിലെ ഒരു ക്രിസ്ത്യാനിയും തമ്മിലുള്ള പൊതുസ്വഭാവഘടകം എന്തായിരിക്കും? ഹിന്ദുവായോ ക്രിസ്ത്യാനിയായോ അറിയപ്പെടുന്നത് അവരവരിൽ നിക്ഷിപ്തമായിരിക്കുന്ന പൊതുഘടകത്തെ ആശ്രയിച്ചാണ്. ഓരോരുത്തരും അവരവരുടെ ജീവിതസന്ദർഭവുമായി ബന്ധപ്പെട്ടാണ് മതാത്മകമാകുന്നതും അതിൽനിന്നും ഭാവം പകരുന്നതും.

ഈ അന്വേഷണം, സമ്പന്നമായ മതാത്മകപൈതൃകം കഷ്ടപ്പാടിനും മരണത്തിനും നടുവിൽ അവരവരെത്തന്നെ നിലനിറുത്താൻ പ്രാപ്തമാക്കുന്നുവെന്നതിൽ എത്തിച്ചേരുന്നു. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ആഴത്തിലുള്ള മതവിശ്വാസം അവരുടെ ജീവിതത്തിന് അർത്ഥം കത്തൊനും ശക്തിപകരാനും നല്ലൊരു നാളേക്കുവേി പോരാടാനും കൂടുതൽ സജ്ജമാക്കുന്നു. ഈ അർത്ഥത്തിൽ ഈ പഠനം മത്സ്യത്തൊഴിലാളി ജനവിഭാഗങ്ങളുടെ മനസ്സിൽ ആഴത്തിൽ വേരോടിയിട്ടുള്ള ദൈവവിശ്വാസത്തെ മനസ്സിലാക്കിത്തരാനും അവരുടെ ദൈനംദിന ജീവിതത്തിൽ ഈ വിശ്വാസം എങ്ങനെ പ്രവർത്തിക്കുന്നുവെന്നു കാണിച്ചുതരാനും ശ്രമിക്കുന്നു. പ്രാന്തവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെ അനുഭവങ്ങളും അവരുടെ അഭിപ്രായങ്ങളും വ്യവസ്ഥാപിത ചരിത്രരചനകളിലും പാഠപുസ്തകങ്ങളിലും കടന്നുവരാറില്ല. മതപരമായ എല്ലാത്തരം രചനകളും ഇതിൽനിന്നും വ്യത്യസ്തമല്ല. ഈ പുസ്തകം അതിന്റെ പ്രശ്നപരിസരംകൂടി അനാവരണം ചെയ്യുന്നു.

**വിശകലനം**

കടലോരജീവിതത്തിന്റെ മൂല്യശോഷണവും അമിതമത്സ്യബന്ധനവും നിമിത്തം പല രാജ്യ ങ്ങളിലെയും തീരക്കടൽ മത്സ്യമേഖല ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. അതു പോലെ തന്നെ തടാക മത്സ്യബന്ധനവും അതിന്റെ മോശമായ അവസ്ഥകളിലൂടെ കട ന്നുപോകുന്നു. പരമ്പരാഗത മത്സ്യബന്ധനസമീപനങ്ങളും പ്രവർത്തനങ്ങളുമാണ് ഈ പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നതിനുള്ള നല്ലവഴി. ജോൺ കുര്യനും ഏ.ജെ. വിജ യനും ചൂിക്കാട്ടുംപോലെ (കരലനിലപഠനം), ചെറുകിട മത്സ്യബന്ധനം ഉപജീവനമാ ക്കിയ സമുദായങ്ങളുടെ പ്രധാനപ്പെട്ട സവിശേഷത, സമുദായത്തിൽനിന്ന് ജന്യമായതും സമുദായത്തിന്റെ അംഗീകാരത്തോടെ നിലനില്ക്കുന്നതുമായ ചില ക്രമീകരണങ്ങളാൽ മത്സ്യവിഭവങ്ങളെയും, ഉപജിവനാവസരങ്ങളെയും പ്രയോജനപ്പെടുത്തി പൊതുസ്വത്തായ മീൻപിടുത്തവ്യവസായത്തിൽ സമുദായത്തിലെ മുഴുവൻ ആളുകളെയും പങ്കെടുക്കുപ്പി ക്കുന്നു എന്നതാണ്.

ജാതിയെ അടിസ്ഥാനപ്പെടുത്തിയുള്ള പുലിക്കാട്ട് തടാകത്തിലെ പാടു സമ്പ്രദായം മത്സ്യ ബന്ധനപ്രദേശത്തിന്റെ ഉല്പാദനക്ഷമത നിലനിറുത്തുന്ന ഒരു അപൂർവ്വമാതൃകയാണ്. ഇന്ന് തടാകമത്സ്യത്തൊഴിലാളികൾ നേരിടുന്ന ഭീഷണി പുറത്തുനിന്നുള്ളവരുടെ തള്ളി ക്കയറ്റവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള അലക്ഷ്യമനോഭാവവുമാണ്. പാടുസമ്പ്ര ദായത്തിനെ സർക്കാർ വീക്ഷിക്കുന്നത്, ഒരു കൂട്ടം മത്സ്യത്തൊഴിലാളികൾ അവരുടെ മാത്രം ഗുണത്തിനുവേി ചൂഷണം ചെയ്യാനുള്ള ഒരു സംവിധാനം എന്ന നിലയ്ക്കാ ണ്. ഇത് ഗുരുതരമായ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

ബാലന്റിനും പ്ലാറ്റ്യുവും (Halting degradation of Natural Resources) നിർദ്ദേശിക്കുന്നതു പോലെ പരമ്പരാഗത പ്രകൃതിവിഭവ മാനേജ്മെന്റിലേക്ക് മടങ്ങിപ്പോകുന്നതിനുപകരം, വിഭവവികസനപ്രക്രിയയിൽ സാർത്ഥകമായ ജനകീയ പങ്കാളിത്തമാണ് ആവശ്യം എന്ന് സമീപകാല സാമൂഹിക നരവംശശാസ്ത്രപഠനങ്ങൾ ചൂിക്കാട്ടുന്നു. വിഭവനിയന്ത്ര ണത്തിലുള്ള വികേന്ദ്രീകരണവും, ഗ്രാമീണ കുടുംബങ്ങളുടെ ഊർജസ്വലമായ പങ്കാളി ത്തവും പരമപ്രാധാന്യമർഹിക്കുന്നു. എന്നാൽ ഗ്രാമീണസമൂഹങ്ങളുടെ കൂട്ടായ പ്രവർത്ത നങ്ങളിൽ ഉാകാവുന്ന പരിമിതികളുടെ വെളിച്ചത്തിൽ സ്റ്റേറ്റിന്റെ വിമർശനാത്മകമായ പങ്കിന്റെ പ്രാധാന്യം ഒരുതരത്തിലും കുറയുന്നില്ല എന്ന് പ്രത്യേകം ഓർക്കേതു്.

**മത്സ്യബന്ധനമേഖലയിലെ സമഗ്രവികസനം**

പ്രകൃതിവിഭവശോഷണവും ആഗോളപരിസ്ഥിതിയിലും മനുഷ്യാവസ്ഥകളിലും അതു ാക്കുന്ന ചലനങ്ങളും സമഗ്രവികസനസങ്കല്പത്തിന് കൂടുതൽ പ്രാധാന്യം നൽകി. സമഗ്രവികസന സങ്കല്പംകൊ് അർത്ഥമാക്കുന്നത് ഇതാണ് – സാങ്കേതികവും സ്ഥാപ നപരവുമായ മാറ്റങ്ങളോട് ആഭിമുഖ്യം പലർത്തിക്കൊ് ഇപ്പോഴത്തേയും ഭാവിയിലേയും മനുഷ്യാവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നരീതിയിലുള്ള പ്രകൃതി വിഭവമാനേജ്മെന്റും സംര ക്ഷണവും. ഇത്തരത്തിലുള്ള സമഗ്രവികസനം ഭൂമി, ജലം, സസ്യജാലങ്ങൾ, മൃഗങ്ങ

ളുടെ ജനിതകസമ്പത്തുകൾ എന്നിവ സംരക്ഷിക്കുന്നതും പാരിസ്ഥിതികസന്തുലനത്തെ സഹായിക്കുന്നതും സാങ്കേതികമായി മെച്ചപ്പെട്ടതും സാമ്പത്തികമായി താങ്ങാവുന്നതും സാമൂഹികമായി അംഗീകരിക്കപ്പെട്ടതുമായ ഒന്നായിരിക്കും.

മത്സ്യബന്ധനമേഖലയിലെ സമഗ്രവികസനസങ്കല്പം പുതിയതല്ല. 1950കളിലെ പരമാവധി സമഗ്രമത്സ്യബന്ധനം (MSY), 60കളിലെ പരമാവധി സാമ്പത്തികവരുമാനം (MEY), 70കളിലെ പരാമവധി സമഗ്ര ഉല്പാദനം (OSY)തുടങ്ങിയവ ഈ സങ്കല്പത്തിൽ നിന്നും ഉരുത്തിരിഞ്ഞുവന്നതാണ്.

വിവിധമേഖലകളിലെ വികസനപരിപാടികളെ പ്രാദേശികദേശീയതലങ്ങളിൽ ഏകോപിപ്പിച്ചുകൊ് വികസനത്തിന്റെ ഗുണങ്ങൾ പരമാവധി മുതലാക്കുക എന്ന സമീപനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. പ്രാദേശിക-ദേശീയ വികസന ആസൂത്രണത്തെയും പ്രാദേശിക തീരദേശ വിഭവ അറിവുകളെയും തമ്മിൽ ബന്ധിപ്പിക്കുന്നതിൽ കോസ്റ്റൽ ഏരിയ മാനേജ്മെന്റിന് നിർണായകപങ്ക് വഹിക്കാൻ കഴിയും.

## കേരളത്തിലെ പരമ്പരാഗത ഫിഷറീസ് മാനേജ്മെന്റിനെക്കുറിച്ച് വിഴിഞ്ഞം കേന്ദ്രീകരിച്ച് ഒരു പഠനം എന്ന മുഖ്യപഠനത്തിന് മുന്നോടിയായി നടത്തുന്ന പ്രാഥമിക പഠനം

ഇന്ന് തിരുവനന്തപുരം ജില്ലയിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു മീൻപിടുത്തകേന്ദ്രമാണ് വിഴിഞ്ഞം. ഒരു ഫിഷിംഗ് ഹാർബറിന്റെ പണി പൂർത്തിയായിവരുന്ന ഈ പ്രദേശത്ത് മുഖ്യമായും പരമ്പരാഗത മീൻപിടുത്ത ഉരുക്കൾ മാത്രമാണുള്ളത്. ട്രോളിംഗ് ബോട്ടുകൾ ഇവിടം കേന്ദ്രീകരിച്ച് മീൻപിടുത്തം നടത്തുന്നില്ല. ചെറുകിടമോട്ടോറുകൾ ഘടിപ്പിച്ച പ്ലൈവുഡ് വള്ളങ്ങളാണ് മുഖ്യ ഉരുക്കൾ. വിവിധതരം വലകളും ചൂണ്ടകളും ഉപയോഗിക്കപ്പെടുന്നു. വിഴിഞ്ഞത്തിന്റെ തെക്കുഭാഗത്തായി ക്രിസ്ത്യൻവിഭാഗത്തിൽപ്പെട്ടവരും വടക്കുഭാഗത്തായി മുസ്ലീം വിഭാഗത്തിൽപ്പെട്ടവരുമാണ് വസിക്കുന്നത്. ഇരുവിഭാഗങ്ങളും മീൻപിടുത്തം നടത്തുന്നുണ്ടെങ്കിലും ക്രിസ്ത്യാനികളാണ് തൊഴിലിലും എണ്ണത്തിലും മുന്നിട്ടുനിൽക്കുന്നത് എന്നു പറയാം. ഇരുകൂട്ടരും തമ്മിൽ ഇവിടെ പലപ്പോഴും സംഘട്ടനങ്ങളും സംഘർഷങ്ങളും ഉായിട്ടു്. മീൻപിടിത്തവുമായി ബന്ധപ്പെട്ട തർക്കങ്ങളെത്തുടർന്നാണ് ഈ സംഘട്ടനങ്ങളിൽ അധികവും ഉായത്. വിഴിഞ്ഞത്ത് മീൻപിടുത്തം സംബന്ധിച്ച് പല നിയന്ത്രണങ്ങളും ഉായിട്ടു്. ഇതിന് ഏറെക്കാലത്തെ ചരിത്രം ഉന്നുമാത്രമല്ല, ഇരുസമുദായങ്ങളിലുംപെട്ട എല്ലാ മത്സ്യത്തൊഴിലാളികളും അത് പാലിക്കുകയും ചെയ്തിരുന്നു. കാലാകാലങ്ങളിൽ ഇത്തരം നിയന്ത്രണങ്ങൾക്കും നിയമങ്ങൾക്കും പലം മാറ്റങ്ങളും ഉായിട്ടു്.

**പ്രാഥമികപഠനത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ**

കേരളത്തിലെ പരമ്പരാഗത ഫിഷറീസ് മാനേജ്മെന്റിനെകുറിച്ച് വിഴിഞ്ഞം കേന്ദ്രീകരിച്ചുള്ള പഠനത്തിന് ആവശ്യമായ സിദ്ധാന്തങ്ങളുടെയും അനുഭവസിദ്ധമായ പഠനങ്ങളുടെയും അവലോകനവും വിശകലനവും.

1. **കേരളത്തിൽ ആലപ്പുഴയിലെ കരനിലയെക്കുറിച്ച് നടത്തിയിട്ടുള്ള ഈ പഠനം ശ്രദ്ധേയമായിട്ടുള്ളതാണ്. (Kurian. J and Vijayan. A.J. (1995 Income spreading Mechanisms in Common Property Resource: Karanila System in Kerala Fishery', Economic and political weekly.**

   എല്ലാവർക്കും അവകാശപ്പെട്ട മത്സ്യസമ്പത്ത് അമിതചൂഷണത്തിന് വിധേയമാകാതിരിക്കാനും അതിൽനിന്നും ലഭിക്കുന്ന വരുമാനം പ്രാദേശികസമൂഹത്തിലെ എല്ലാവർക്കും പങ്കുവയ്ക്കാനും, ആലപ്പുഴയിലെ താങ്ങുവള്ളം ഫിഷറിയിൽ നിലനിന്നിരുന്ന കരനില സമ്പ്രദായം ഉപകരിച്ചിരുന്നതായി ഈ പഠനം വ്യക്തമാക്കുന്നു.

2. പുലിക്കാട്ട് തടാകത്തിലെ പരമ്പരാഗത ഫിഷറീസ മാനേജ്മെന്റിനെക്കുറിച്ച് നടത്തിയ സെബാസ്റ്റ്യൻ മാത്യുവിന്റെ പഠനം (Mathew, Sebastian (1991) study of Territorial userights in small scale fisheries: Traditional systems of Fisheries Management in Pulicat Lake, Tamil Nadu, India, FAO Circular No. 839: 25P FIP/C 839) വളരെ ശ്രദ്ധേയമായിട്ടുള്ള ഒന്നാണ്.

   ഇന്ത്യയുടെ മൊത്തം മത്സ്യോല്പാദനത്തിന്റെ അടിസ്ഥാനത്തിൽ നിന്ന് നോക്കിക്കാണുമ്പോൾ, ലഗൂണുകളുടെ സംഭാവന അത്ര പ്രസക്തമല്ല. എന്നിരുന്നാലും ജലവിഭവ-പരമ്പരാഗത മാനേജ്മെന്റ് രീതികൾ, തുല്യമായ നീതിയുടെ ചില തത്വ ങ്ങൾ വെളിവാക്കുന്നു. തെക്കേ ഇൻഡ്യയിലെ പുലിക്കാട്ട് തടാകം ഇതിന് ഉദാഹരണമാണ്. ഗ്രാമീണർ നടപ്പിലാക്കിവരുന്ന പരമ്പരാഗതരരീതിയായ പാടു മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഗ്രൗ (നിലം) നിയന്ത്രണത്തിന് വിധേയമാണ്. പാടുരീതി പ്രാപ്യമായ അവകാശത്തിന്റെ ക്രമീകരണവും വിതരണവും മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു. പാടു അവകാശങ്ങൾ നടപ്പിലാക്കുമ്പോൾ ഗ്രാമങ്ങൾ തമ്മിലുള്ള സംഘർഷങ്ങളും പരിഹാരശ്രമങ്ങളും, ഈ സംഘർഷങ്ങളുടെ വെളിച്ചത്തിൽ പാടുസമ്പ്രദായത്തോടുള്ള സർക്കാരിന്റെ അലക്ഷ്യമനോഭാവവും ചർച്ച ചെയ്യപ്പെടുന്നു.

3. **FAO Fisheries report No. 474/Japan Expert Consultation on the Development of Community Based Coastal Fishery Management Systems, held in Kobe, Japan 8-12 June 1992.**

   ലോകഭക്ഷ്യകാർഷിക സംഘടന (FAO) 1992-ൽ പരമ്പരാഗത മത്സ്യപരിപാലനസമ്പ്രദായങ്ങളെക്കുറിച്ച് ഒരു വിദഗ്ധ സമ്മേളനം നടത്തുകയുായി. ഈ സമ്മേളനത്തിൽ അവതരിപ്പിച്ച പ്രബന്ധങ്ങളിൽ പ്രധാനപ്പെട്ടവ അവലോകനത്തിന് വിധേയമാക്കപ്പെടുന്നു.

a. **Snapper fishing by rotation by Yamagata Prefecture, Japan**

പരിമിതമായ ഒരു മത്സ്യബന്ധനപ്രദേശത്ത് മികച്ച സ്ഥാനം ലഭിക്കാൻവേ ബോട്ടുകൾ തമ്മിൽ കടുത്ത മത്സരമുായി. മത്സ്യബന്ധന ഉപകരണങ്ങളുടെ (വലകളുടെ) കൂടിക്കുഴച്ചിൽ വലിയ പ്രശ്നങ്ങൾ ഉാക്കുന്നതിനു കാരണമായി. 1960കളിൽ സഹകരണസ്ഥാപനം ഒരു പ്രത്യേക സ്നാപ്പർ കൗൺസിൽ രൂപീകരിക്കുകയും മത്സ്യബന്ധനപ്രദേശത്തെ അമിതനിരക്ക് ഒഴിവാക്കുന്നതിന് അനുയോജ്യമായ നിരവധി മാനേജ്മെന്റ് നടപടികൾ കൈക്കൊള്ളുകയും

ചെയ്തു.

**b. Management of clam fishery in lake Hamana by the Hamana Fisheries Co-operative Shizhoka Prefecture Japan**

ജപ്പാനിലെ പ്രധാന കായലുകളിൽ ഒന്നായ ഹാമന തടാകത്തിലെ നത്തക്ക മത്സ്യ ബന്ധനത്തിന്റെ പ്രത്യേകതകളാണ് ഈ പഠനത്തിൽ വിവരിക്കുന്നത്. മത്സ്യബന്ധനത്തിലും അവയുടെ തോടുകളുടെ ശരാശരി വലുപ്പത്തിലും വൻ അളവിൽ കുറവുായതിനെത്തുടർന്ന് Perfectural മത്സ്യഗവേഷണകേന്ദ്രത്തിന്റെ സഹായത്തോടെ എൺപതുകളുടെ തുടക്കത്തിൽ ഹമാന മത്സ്യസഹകരണസംഘം ചില ഗൗരവമേറിയ മാനേജ്മെന്റ് നടപടികൾ കൈക്കൊള്ളു ക യു ാ യി.

**c. Community Management of Marine Resources in the Maluku Islands by Ch. Zerner, Woodrow Wilson International Centre for Scholars, USA.**

മലൂകു ദ്വീപുകളിലെ തീരക്കടൽ മത്സ്യബന്ധനമേഖലയിലെ SASI എന്നറിയപ്പെടുന്ന ഫലപ്രദ പ്രാദേശിക അംഗീകൃതരൂപത്തിലുള്ള സാമൂഹ്യനിയന്ത്രണങ്ങളും മാനേജ്മെന്റ് രീതികളും പരിശോധിക്കുന്നതാണ് ഈ പഠനം.

**4 Halting degradation of natural resources**
**Is there a role for rural communities? By Jean Marie Baland and Jean - Philippe Platteau 1996 by FAO**

ജനങ്ങൾ പരമ്പരാഗതമായി വിഭവസംരക്ഷകരാണോ എന്ന കാര്യം പഠനത്തിന് വിധേയമാക്കുന്നു. പാരിസ്ഥിതിക മാറ്റങ്ങൾ ദ്രുതഗതിയിലുള്ളതാവുമ്പോൾ, ഗ്രാമീണജനങ്ങൾക്ക് പ്രകൃതി പ്രതിഭാസങ്ങളുടെ അന്തർധാരകളെ മനസ്സിലാക്കാനും ശരിയായ മാനേജ്മെന്റ് പരിഹാരങ്ങൾ രൂപീകരിക്കാനും പുറമെ നിന്നുള്ള സഹായങ്ങൾ ഒഴിച്ചുകൂടാനാവാത്തതായിരിക്കും.

ചട്ടങ്ങളാൽ നിയന്ത്രിതമായ കോമൺ പ്രോപ്പർട്ടി എന്ന അധ്യായത്തിൽ വ്യത്യസ്തങ്ങളായ സമൂഹസ്വത്ത് അവകാശരീതികളെക്കുറിച്ചുള്ള ചർച്ചയും ഗ്രാമീണതലത്തിലുള്ള പ്രകൃതിവിഭവങ്ങളുടെ ചൂഷണം ചെയ്യലും പൊതുവെ അംഗീകരിക്കപ്പെടുന്നു. ഇത് ഏറെക്കുറെ അമിതോപയോഗത്തിന് സമാനമാണ്. ഇതര തൊഴിൽ സാധ്യതകളുടെ അഭാവമാണ് സമൂഹസ്വത്തവകാശത്തിന്റെ സാധ്യതകളിലേക്കുള്ള അനുകൂലമായ ചർച്ചകളിലേക്ക് വഴിതെളിക്കുന്നത്.

ചട്ടങ്ങളാൽ നിയന്ത്രിതമല്ലാത്ത കോമൺ പ്രോപ്പർട്ടി എന്ന അധ്യായത്തിൽ സാധാരണക്കാരുടെ ദുരന്തം യഥോചിതമല്ലാത്ത അശുഭപ്രതീക്ഷകളുടെ കഥയാണെന്ന് സമർത്ഥിക്കുന്ന രിതിയിൽ സൈദ്ധാന്തികമായ വ്യാഖ്യാനങ്ങൾ മുന്നോട്ടുവയ്ക്കാം. പ്രാദേശിക പൊതുസ്വത്ത് അവകാശങ്ങളെ സാവധാനത്തിലുള്ള നശീകരണത്തിലേക്ക് നയിക്കുന്ന തലതിരിഞ്ഞ സന്തുലനത്തിൽനിന്ന് ഏജന്റുകളെ രക്ഷപ്പെടാൻ അനുവദിക്കുന്ന രീതിയിൽ നിലനില്ക്കുന്ന വികേന്ദ്രീകൃത സമ്പ്രദായത്തിലാണ് പ്രസ്തുത വ്യാഖ്യാനങ്ങൾ നിലനിൽക്കുന്നത്.

കോ-മാനേജ്മെന്റ് എന്ന് അധ്യായത്തിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തലുംസർക്കാരിന്റെ സാർത്ഥകമായ ഇടപെടലും അനിവാര്യമാണെന്ന് സൂചിപ്പിക്കുന്നു.

**5. We dare the waters, the world and the world view of Mukkuvar (P.T. Mathew, Department of Christian Studies, University of Madras, 2001)**

മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ചരിത്രപരവും സാമൂഹികവും സാമ്പത്തികപരവുമായ കാര്യങ്ങളെക്കുറിച്ച് പരാമർശിക്കുന്നുങ്കിലും പ്രധാനമായും പി.ടി. മാത്യു പഠിക്കാൻ ശ്രമിച്ചിരിക്കുന്നത് ഇവരുടെ ആഴത്തിലുള്ള മതവിശ്വാസത്തെപ്പറ്റിയാണ്. മത്സ്യത്തൊഴിലാളികളുടെ മതാത്മകമായ പ്രതിഭാസത്തെ വിഴിഞ്ഞത്തെ മുക്കുവരെ മുൻനിർത്തിയാണ് നോക്കിക്കാണാൻ ശ്രമിക്കുന്നത്. പ്രാന്തവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെ അനുഭവങ്ങളും അവരുടെ അഭിപ്രായങ്ങളും വ്യവസ്ഥാപിത ചരിത്രരചനകളിലും പാഠപുസ്തകങ്ങളിലും കടന്നുവരാറില്ല. മതപരമായ എല്ലാത്തരം രചനകളും ഇതിൽനിന്നും വ്യത്യസ്തമല്ല. ഈ പുസ്തകം അതിന്റെ പ്രശ്നപരിസരംകൂടി അനാവരണം ചെയ്യുന്നു.

**6. വിശകലനം**

എല്ലാ പഠനങ്ങളും പ്രാന്തവൽക്കരിക്കപ്പെട്ട മത്സ്യത്തൊഴിലാളിസമൂഹത്തിന്റെ പൊതുനന്മയെയാണ് ലക്ഷ്യം വയ്ക്കുന്നത്. വികേന്ദ്രീകൃതമായ വിഭവനിയന്ത്രണം, മത്സ്യത്തൊഴിലാളികളുടെ കൂട്ടായ പങ്കാളിത്തം, സ്റ്റേറ്റിന്റെ യഥോചിതമായ ഇടപെടൽ തുടങ്ങിയവ പൊതുസ്വത്ത് വിഭവനിയന്ത്രണത്തിന് ഒരു പൊതുകാഴ്ചപ്പാട് മുന്നോട്ടുവയ്ക്കുന്നു.